73. Under the "Kerala Brand" initiative, measures are taken to certify the quality of products manufactured in the State and enable them to cater to national and international markets. 10000 products of MSMEs in the State will be onboarded and marketed through the Open Network for Digital Commerce (ONDC) and other e-commerce platforms.

74. Kerala's tourism sector has witnessed a remarkable recovery post-COVID, with the first three quarters of 2023 marking an all-time high of 1,59,68,616 domestic arrivals, showcasing a 21.12% increase from the pre-COVID records. Foreign tourist visits during this period also surged by 116.25% compared to the same period in 2022. Kerala, under my Government's leadership, solidifies it's status as a prime investment hub, showcased during the successful 'Tourism Investors' Meet on 16th November, 2023. The event secured approximately Rs. 15,126 Crores worth of offers.

75. The Responsible Tourism Mission gained international recognition for its commitment to sustainable tourism, winning prestigious awards such as the WTM award for the Aymanom village 'STREET' project.

76. With my Government's support, Heli and Cruise Tourism are becoming a reality in Kerala. We plan to develop two additional cine-

tourism destinations in the upcoming fiscal year.

77. The newly formed Plantation Directorate has started operations, and a new plantation policy and policies for innovation in the plantation sector are on the anvil.

78. In the coir sector, new products with contemporary designs will be introduced to enhance marketability. In the cashew sector, specific plans have been formulated to increase market share domestically and internationally.

79. In the handloom sector, steps have been taken for expanding the market for handloom products by setting up design studios in showrooms for customizing fabrics based on customer preferences. In

the bamboo sector, a crushed bamboo board production facility will be established and pre-fabricated eco-construction using bamboo will be promoted.

80. In a progressive move, my Government has digitized

information for over 26 lakh job seekers. This has paved the way for the creation of the e-Employment Exchange portal, providing seamless online services to job seekers. Furthermore, a dedicated Virtual Pravasi Employment Exchange was recently inaugurated exclusively for Pravasi registration. With a view to tap the abundant job opportunities in the private sector for the unemployed youth of Kerala, my Government is developing the Private Job Portal, where employers can notify vacancies and job seekers can avail them based on their qualifications, aptitude and area of interest.

81. The introduction of a grading system for shops and commercial establishments in Kerala recognized and awarded establishments based on their work and customer-friendliness. Minimum wages were fixed for scheduled employments, including Private Ayurveda, Homeopathy and Dental hospitals, ensuring fair compensation to workers.

82. My Government will introduce the Transit Stay Facility for Motor

Transport Workers, offering affordable short-term accommodations for taxi/cab/auto drivers.

83. The IT Parks of Kerala namely Technopark, Infopark and Cyberpark have witnessed a remarkable upswing in software export revenues, reaching an impressive Rs.20,921 Crores in 2022-23. Today the IT Parks offer 21 million sq.ft. of built-up space, with another 6 million sq.ft. slated for addition in the next three years.

84. The Kerala Startup Mission (KSUM) with 5000 registered startups and with more than 1000 women co-founders is democratizing innovation and entrepreneurship in the State through the establishment of 'Launch Empower Accelerate Prosper (LEAP)' centres.

85. In a pioneering move, my Government is set to implement an AVGC-XR policy in association with FICCI, SAIK and other industry stalwarts, which will position Kerala as a prime destination for AVGC-XR content creation, attracting international studios, projects, and

investments.

86. My Government have identified a total extent of 4986 acres of land, for the proposed IT Corridor Project and is in the process of setting up of two new IT Parks in Kannur and Kollam.

87. During the year, the Graphene ecosystem development, initiated by the Digital University, received a significant boost with approvals given to set up the Graphene Pilot production facility. The development of this facility with an overall investment of around Rs. 250 Crores is expected to commence in 2024.

88. My Government will formulate a new IT policy for the State in line with the advances in technology and domains such as Artificial Intelligence (AI), material sciences, space tech etc. which have huge potential for the progress of human lives and our environment.

89. The 'K-FONE' Project implemented to ensure Internet as a "basic right" has already achieved an impressive 96% physical progress.

International Centre for Free and Open Source Software (ICFOSS) Open Hardware Lab for Sustainable Development Solutions will design IoT enabled solutions for Government organizations. Centre For Development Of Imaging Technology (C-DIT) will strengthen its capacities in areas such as Security Document Forensic Laboratory and Development of Data Analysis Solutions using Government Data for AI Based Decision Making. ICT Academy of Kerala is set to launch targeted initiatives which include AI/ML, Robotic Process Automation, Cyber Security, Augmented/Virtual Reality, Cloud Computing, IoT, Full Stack Development, Mobile Technologies, Embedded Systems, VLSI, FinTech, HealthTech, Logistics and Supply Chain.

**VI. Infrastructure**

90. Kerala is on the move to achieve 50% of energy needs from renewable energy sources by 2027. The State's power sector is on a sustainable growth trajectory, adding 654.5 MW of which 610 MW is solar

and 44.5 MW hydro power since my Government came to power. 1000 MW installed capacity through solar power is targeted for the end of 2024-25. In order to meet the evening peak demand, the Idukki Golden Jubilee Project (800MW) is programmed for implementation utilising current reservoir capacity. The pre-feasibility studies of Lakchmi Hydroelectric project, and of Idukki, Pallivasal and Idamalayar Pumped Storage Projects are in progress.

91. A new wind policy enabling investment of private sector will be issued shortly. The Oorjja Kerala Mission projects, including Soura, Transgrid 2.0, and Dyuthi 2021 have shown positive results. In the Financial Year 2023-24, internal generation capacity increased by 94 MW, primarily from solar and hydro sources. Distribution and transmission losses have been reduced to among the lowest in the country. My Government's future plans include the second phase of Dyuthi, electrification projects and continued network development. KSEBL plans to install smart meters,

establish a wide network of EV charging stations, and develop a solarized e-mobility hub at Kaloor. Thiruvananthapuram is being developed as a solar city.

92. The State ranked second in the National Energy Efficiency Performance Award for 2023 on the basis of the National Energy Efficiency Index. The Angan Jyothi projects, particularly through EMC, focus on transforming Anganwadis, reducing carbon emissions and emphasizing clean electric cooking. An innovative model of implementation of PM-KUSUM for solarisation of agricultural pumps is designed to meet the loan component through NABARD assistance.

93. In the infrastructure domain, significant progress has been made in developing National Highway 66. Ongoing projects, such as the hill highway, coastal highway, Kerala without level crossings, and junction development, promise to reshape the State's landscape. The Anakkampoil-Kalladi-Meppadi Tunnel Road, a significant project, is

targeted for the fiscal year 2024.

94. In water resource management, under the 'Jal Jeevan Mission', Kerala aims to provide 17.6 lakh new Functional Household Tap Connections (FHTCs) in 2024-25. The State has made substantial progress in connection provision, reaching 19.07 lakh as of December 3, 2023. 'AMRUT 2.0' aims to complete around 90 works including sewage treatment plants before March, 2025.

95. During the next financial year, my Government will explore all possibilities of renewal of the Parambikulam-Aliyar Agreement and is expected to conduct more discussions with TamilNadu to arrive at a consensus on review, especially on hike in entitlement quantity fulfilling the interest of both the States. My Government will make all possible efforts to ensure that the entitled quantity as per agreement conditions is supplied to Kerala.

96. It is proposed to utilize 2.87 TMC for the Attappady Irrigation

Project against the total allotment of 6 TMC for Bhavani Basin as per the Final Verdict of the Cauvery Water Disputes Tribunal (CWDT). With a Command area of 4255 hectares, the project is the first of this size planned in the State in almost three decades. Kerala will take all possible steps for early construction of this vital dam.

97. The extension of Moolathara Right Bank Canal, Seetharkund Diversion Scheme, Thannikund Check Dam, and micro-irrigation projects reflect my Government's emphasis on effective water management and irrigation development. The Hilly Aqua project highlights efforts to provide clean drinking water to the public. These comprehensive initiatives collectively contribute to the development, management and conservation of water resources in Kerala.

98. Through the 'Ini Njan ozhukatte' (Let me flow) campaign of the Navakerala Mission, 2619 kms. of streams have been rejuvenated, 2702 ponds revived, 4282 ponds and 14642 wells newly constructed and 7362

wells recharged. 441 permanent check dams and 44106 temporary check dams were constructed. Over 36 lakh square meter area of coir geotextiles covering has been laid to protect the side wall of water streams.

99. My Government gives utmost priority to micro irrigation in these times of dwindling resources and need for increased productivity. Micro Irrigation is scientifically proven to dramatically increase productivity, especially in the case of cash crops. Community micro irrigation projects will be prioritised to attract more youth to farming.

100. As part of the 'Nava Keralam Karma Padhathi', the Net Zero Carbon Keralam campaign including Mapathon is underway in selected Local Governments. In Panchayats where the Mapathon has been completed, activities like reclamation of drains to facilitate water flow have commenced, and the next phase of activities to reduce landslides have been initiated.

101. My Government has implemented a comprehensive set of initiatives to enhance the State's transportation system, focusing on various services such as Hybrid Services, Janatha Services, Courier & Logistics and a Rental Management System. Notably, Smart Travel Card, Google Transit and an ERP Software Development Project have been successfully implemented in the Kerala State Road Transport Corporation (KSRTC). The acquisition of 131 Superfast long-distance buses and an additional order for 113 electric buses (Non-AC) by KSRTC-SWIFT signifies a significant step towards modernizing transportation.

102. Emphasizing road safety, my Government deployed 200 dashboard cameras and 200 decibel meters in enforcement vehicles to detect traffic violations and address noise pollution. The 'Fully Automated Traffic Enforcement System' has proven successful. A dedicated Command Control Centre will be established for real-time monitoring and a comprehensive Road Safety Awareness Programme is set to launch.

103. Kerala Infrastructure Investment Fund Board (KIIFB) funds major projects like the Kerala Fibre Optic Network, Petrochemical and Pharma Park – Kochi (LA), West Coast Canal, Coastal and Hill Highway, Wayanad Twin-tube Tunnel, Transgrid 2.0, Life Science Park (Phase II-LA)- Thiruvananthapuram, Hi Tech School Programme, IURWTS Cochin etc. So far, the KIIFB board has approved 1073 projects with an outlay of ₹ 82,383 Crores. A stand out initiative is the Anakampoil-Kalladi-Meppadi tunnel, featuring a four-lane dual tunnel road spanning 8.11 km. which will ease the congestion on the Thamarassery Ghat road and will enhance connectivity between Kozhikode and Wayanad districts.

104. The Coastal Highway traversing nine coastal districts of Kerala, holds the promise of boosting tourism and enhancing connectivity in the coastal region. Similarly, the Hill Highway from Parassala, Thiruvananthapuram to Nandarapadavu, Kasaragod, is poised to play a decisive role in transforming Kerala's infrastructure landscape.

105. Kochi Integrated Urban Regeneration and Water Transport System (IURWTS), a visionary initiative supported by KIIFB, aims to rejuvenate Kochi's major canals and restore the city's connection to it's waterways. The proposed development of the West Coast Canal to National Waterway Standards, with a focus on cargo movement and tourism, is expected to be completed by the end of 2025.

106. My Government is actively pursuing the project for establishment of a Greenfield Airport near Sabarimala, which has received "Site Clearance" approval from the Ministry of Civil Aviation and a No Objection Certificate (NOC) from the Ministry of Defence, Government of India. The Kerala State Industrial Development Corporation (KSIDC) is overseeing the project's implementation, with the first phase anticipated to be operational by 2027.

107. The establishment of the Kerala Maritime Board (KMB) was a strategic move to harness development potential along the coastline. My

Government is planning to develop the two maritime institutes located in Kodungallur in Thrissur District and Neendakara in Kollam District as hubs of Maritime education in southern India.

## VII. Natural Resources, Forest and Wildlife, Environment And Disaster Management

108. My Government successfully addressed long-standing concerns related to Eco-Sensitive Zones (Buffer Zones) by obtaining a favorable Supreme Court verdict, thereby excluding residential areas from these zones and facilitated the relocation of 780 non-tribal families from forest areas, disbursing Rs.93.6 Crores under the 'Navakiranam' Project. My Government, for the first time in India, appointed 500 forest-dependent tribal youth through PSC by special recruitment as Beat Forest Officers, and conducted 'Vana Souhruda Sadassu' outreach program, receiving 4797 complaints, redressing 4311, and providing compensation to victims of human-wildlife conflicts.

109. My Government will be taking initiative for Eco- restoration of

Mono Culture Plantations, Mitigation of Human-Wildlife Interaction, Geo-spatial Forest Information Management System, 'One Panchayat One Forestry Club', Urban Forestry and Biodiversity Parks.

110. As the country's first, my Government has formed the Kerala State Climate Change Adaptation Mission (KSCCAM). Driving the Carbon Neutral Mission of Kerala, the KSCCAM aims to be a separate administrative entity for streamlining and administering climate change adaptation and mitigation activities.

111. An integrated wetland web portal and mobile application has been developed to ensure the contribution of citizen scientists registered as 'Wetland Mitras' in the management of Ramsar wetlands and will be available to the public. This will be a model in the field of wetland management in the country. A Climate Change Knowledge Resource Platform will be developed to provide data on historic and future climate, vulnerabilities and impacts and will update the changes in greenhouse gas

emission.

112. The preparation of proposed Marine biodiversity Register will provide information regarding overfishing, depletion of marine bioresources, etc. To the neighbouring BMCs, to develop management plans to protect marine biodiversity. It is also proposed to establish the "Kerala Traditional

Knowledge Digital Library" for the sustainable use of bioresources of the State. Kerala State Biodiversity Board has also initiated a policy for the management of invasive alien species.

113. Disability inclusive Disaster Risk Reduction ensured comprehensive training for persons with disabilities conducted by the District Disaster Management Authority in collaboration with the Social Justice Department and KSDMA. In 2024, Heat Action Plans in Local Self Governments will be piloted along with developing Child-friendly spaces on Cyclone Shelters in collaboration with UNICEF.

114. Wayanad district achieved a historic milestone by being officially

designated as the Pioneer District in Kerala and India for the Development and Implementation of Tribal Disaster Management Plan.

## VIII. Finance, Taxes And Excise

115. My Government is successfully carrying out the scheme of Social Security Pension in order to assure social security and welfare of the poorest of the poor. About half a crore helpless and the needy are covered under Social Security Pension. At present, approximately Rs. 900 Crores is provided per month for the disbursal of these Social Security Pensions and Welfare Fund Board Pensions.

116. Since 2015, the Rubber Production Incentive Scheme spearheaded by my Government has proven instrumental in supporting 5,59,457 rubber farmers.

117. Around 30 lakh people including Kerala Government employees, service pensioners and their family members are beneficiaries of MEDISEP scheme (Medical Insurance Scheme for State

Employees and Pensioners). Insurance benefits of more than 1,000 Crores rupees have been sanctioned to over 4.5 lakh beneficiaries.

118. In the year 2023, the Kerala State Goods and Services Tax Department underwent a comprehensive restructuring to align it with the GST laws, emphasizing functional specialization, transparency and natural justice with improved tax administration.

119. The Thiruvonam Bumper Lottery draw has been conducted with its highest ever first prize of Rs. 25 Crores. The Thiruvonam Bumper 2023 has achieved unprecedented sales, surpassing all previous records to become the top-selling lottery ticket in the State's history.

120. My Government, steadfast in its commitment to financial inclusion and social welfare, facilitates economic activities and low-cost loans through various KSFE initiatives, notably exemplified by the Rs. 4,400 Crores extended in gold loans and Rs. 2,150 Crores in housing loan.

## IX. Regulatory Sectors

121. The Kerala Police under my Government has excelled in efficient management, earning recognition as one of the best State Police Forces. Key advancements include strengthening Forensic Science Laboratories, establishing a dedicated Cyber Operations Wing and successfully implementing the Student Police Cadet Scheme in 949 Government Schools. The "YODHAV" scheme was launched to combat narcotics, complemented by Digital De-addiction Centres in 6 Cities. Drone Surveillance extension and measures to improve women and child safety, including Exclusive Rest Rooms and a Special Task Force for 'POCSO Cases', showcase a commitment to public safety.

122. In the year 2023, the Vigilance and Anti-Corruption Bureau conducted an impressive total of 1724 surprise checks. A remarkable achievement is the execution of 55 trap cases, marking the highest in the history of the Vigilance Department. It is proposed to establish a dedicated Document Division in the Forensic Science Laboratories. This

will expedite the crucial sample analysis needed for investigations.

123. My Government's efforts to modernize the judiciary are evident through Paperless Courts, with initiatives like Decree Generation web application, machine scrutiny for Bail Applications and in Writ Appeals, auto processing of Urgent Memos and Listing of Case files and a mobile app for e-filing. The Inter-Operable Criminal Justice System (ICJS) facilitates seamless data transfer among different pillars. Integration of advanced systems in Courtrooms is proposed with Model Digital Courtrooms and a paperless courts project in the pipeline. New judicial facilities, such as a Family Court at Adoor, an additional Fast Track Special Court at Neyyattinkara and a Special Court for offences under the Scheduled Castes and Scheduled Tribes (Prevention of Atrocities) Act at Nedumangad, have been initiated.

124. My Government aims for "land for all, records for all land, smart services for all". The Pattaya Mission was launched to provide land to

eligible landless individuals, holding Pattaya Assemblies in all constituencies to identify Pattaya problems and pattaya adalats to resolve the identified issues. Notably, 1,21,604 Pattayams were distributed within two years. Kerala, the first State to implement land reforms in India, is now pioneering the Unique Thandaper System to prevent violations of land limit conditions. The newly created 4 zonal Taluk Land Boards settled 762 acres of surplus land in the last 7 months.

125. The ongoing Digital Resurvey launched in 2023 covers 2 lakh hectares of land, aiming to be a milestone in State development. With the launch of an integrated portal called 'Ente Bhumi' in 2024, which will bring together the services of the Revenue, Survey and Registration departments, my Government's goal of making land transactions at the fingertips will be realized. Another significant outcome of the digital survey is that all land parcels in the State will be separated by digital fencing.

126. Updation of land records is a challenge, and my Government plans a new Settlement Act this year for a comprehensive Settlement in Kerala, addressing the lack of updates since 1936. My Government has launched a revenue e-literacy scheme to enable people to use the online services of the Revenue Department.

**X. Sports, Art & Culture**

127. My Government has introduced a new Sports Policy focusing on reform, innovation and creating a vibrant sports economy. Emphasizing 'Sports for All', 'Health through Sports', and 'Sports for Change', the policy envisions excellence in competitive sports, corruption-free sports administration, a thriving sports economy and a vibrant sports culture.

128. The Department of Sports & Youth Affairs is host to the International Sports Summit Kerala 2024 'ISSK 2024' from January 23$^{rd}$ to 26$^{th}$, 2024, focusing on integrating sports into Kerala's Gross State Domestic Product. The event includes seminars, exhibitions, and meetings

with investors and startups to develop a thriving sports ecosystem and a world class pool of talent. The prestigious chess event, "KERALA CUBA 'CHE' INTERNATIONAL CHESS FESTIVAL", graced by our national pride GM Praggnanandhaa and GM Nihal Sarin and the $19^{th}$ Asian Games, which was attended by athletes from 46 countries, are feathers on the cap of Kerala sports.

129. My Government initiated the ambitious program 'One Panchayat One Playground' to develop at least one playground in each rural village, promoting amateur sports. Panchayat Sports Councils have been formed at the LSG level to identify talented sports persons at regional level, ensure better training through sports academies and develop sports awareness and sports culture among the society.

130. 'Kerala Kayika Kshamatha Mission' by KSSC envisages the improvement of physical fitness level of the students based on the concept "Sports for All" in convergent mode with multiple departments and

agencies. The beneficiaries include Nursery to 4th standard students, 5th standard to plus two and University students, Youth and working professionals, Senior citizens, Differently abled persons etc.

131. The important programmes/schemes for the year 2024-25 to be implemented by Kerala State Youth Welfare Board include Team Kerala (Kerala Youth Force) for disaster management and emergency response, YES clubs for intellectual disabled, transgenders club, agricultural clubs, Ladies clubs and an Adventure academy.

132. Under the DARPG, IMG is conducting a pioneering study to formulate Competency Frameworks for frontline functionaries in various departments of my Government. In the upcoming year 2024-2025, IMG aims to introduce tailored training programmes to enhance the application of digital technologies, including Artificial Intelligence (AI), for faster, transparent and efficient service delivery.

133. The Chief Minister's weekly television programme 'Naam

Munnottu' was relaunched in a new format, discussing development and welfare schemes. Over 100 informational videos and 52 short films were produced, focusing on developmental and welfare activities and widely disseminated through social media.

**Conclusion**

134. Kerala's development journey straddles the needs of a compassionate welfare state committed to deliver on the constitutional promises of human dignity, social justice and equality as well as that of a forward looking society keen on developing to its full potential. We have moved beyond providing basic necessities for nurturing a society where empathy and care are woven into the fabric of our development strategy. This shift aligns perfectly with the promise of leaving no one behind which lies at the heart of the Sustainable Development Agenda 2030. This orientation has become all the more relevant in times of climate crisis and adaptation.

135. My Government unequivocally condemns the crime of genocide and all crimes against humanity and wishes for an end to the cycle of death, destruction and despair that they engender. We hold firm in our aspiration for a world where there is peace, hope and unwavering respect for human life.

136. Let us remember that our greatest legacy lies not in buildings or monuments, but in the respect and regard we show to the priceless legacy of the Constitution of India and the timeless values of democracy, secularism, federalism and social justice. The essence of co-operative federalism is what has kept our country united and strong all these years. It is our bounden duty to ensure that this essence is not diluted. Together as part of this varied and beautiful nation we will weave the tapestry of inclusive growth and responsible resilience, overcoming all the challenges that are thrown our way.

JAI HIND

ഗവർണറുടെ പ്രസംഗം രാവിലെ 09:01:22-ന് പൂർത്തിയായി.

പ്രസംഗം പൂർത്തിയാക്കി ബഹുമാനപ്പെട്ട ഗവർണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ പോലീസ് ബാൻഡ് വീണ്ടും ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണറെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ്, സ്പീക്കർ, ബഹുമാനപ്പെട്ട ഗവർണ്ണർ, മുഖ്യമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....... ബഹുമാനപ്പെട്ട ഗവർണറുടെ

പ്രസംഗത്തിന്റെ പകർപ്പുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. (ഗവർണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ അംഗങ്ങൾക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.)

ശ്രീ. എൻ. ഷംസുദ്ദീൻ: ........(മൈക്ക് ഓഫ് ).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം റൂൾസ് ഓഫ് പ്രൊസീഡ്യുവറും മുമ്പുള്ള രേഖകളും വായിച്ചുനോക്കിയാൽ മതി. ഇന്ന് ഇഷ്ടംപോലെ സമയമുണ്ട്, ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2024 ജനവരി മാസം 29-ാം തീയതി ആരംഭിക്കുന്നതാണ്. 2024 ജനവരി മാസം 29-ാംതീയതി തിങ്കളാഴ്ച സഭയിൽ അവതരിപ്പിക്കുന്ന നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാനാഗ്രഹിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2024 ജനവരി മാസം 27-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12.00 മണിക്കുമുമ്പായി ഭേദഗതികൾ നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജിനെ ഏൽപ്പിക്കേണ്ടതാണ്.

ഓർഡർ, ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും 2027 ജനുവരി മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജനുവരി മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 09.10-ന് പിരിഞ്ഞു.)

* * * * * * * * * * *

## II. അനുബന്ധം

### ഗവർണ്ണറുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ

കേരള ഗവർണ്ണർ (ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ):ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ നിയമസഭാംഗങ്ങളേ:

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിലെ ജനപ്രതിനിധികളുടെ ഈ മഹനീയസഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു.

2. അടിസ്ഥാന ജനാധിപത്യം ശക്തിപ്പെടുത്തുക, വിദ്യാഭ്യാസത്തിലൂടെ ശാസ്ത്ര അവബോധവും മതനിരപേക്ഷമൂല്യങ്ങളും പ്രോത്സാഹിപ്പിക്കുക, യുവതലമുറയിൽ സമഗ്രമായ ചരിത്രബോധം വളർത്തുക എന്നീ ലക്ഷ്യങ്ങൾ എന്റെ സർക്കാർ സർവ്വാത്മനാ പിന്തുടരുന്നു. കൂടാതെ സുസ്ഥിര വികസനം, സാങ്കേതിക പുരോഗതി, സാമൂഹ്യക്ഷേമം എന്നിവ കൈവരിക്കുന്നതിന് എന്റെ സർക്കാർ അശ്രാന്ത പരിശ്രമത്തിലാണ്. 'നവകേരളം' (പുതിയ

കേരളം) എന്ന നമ്മുടെ കാഴ്ചപ്പാടിന്റെ ആണിക്കല്ലുകളാണ് മുകളിൽ പറഞ്ഞവ. എന്റെ സർക്കാർ കേരളത്തിന്റെ വികസന യാത്രയിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ കൂട്ടായ പരിശ്രമവും അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും, എന്റെ സർക്കാരിൽ അവർക്കുള്ള അടിയുറച്ച വിശ്വാസവും സംയോജിപ്പിച്ചുകൊണ്ട് ഈ വികസന യാത്ര തുടരുന്നതാണ്.

3. 2023 നവംബർ 1 മുതൽ 7 വരെ സംസ്ഥാന തലസ്ഥാനം ആതിഥേയത്വം വഹിച്ച കേരളീയത്തിന്റെ ഉദ്ഘാടന സമ്മേളനം, കേരളത്തിന്റെ സമ്പന്നമായ സംസ്കാരവും പൈതൃകവും വിളംബരപ്പെടുത്തിയ മഹത്തായ സന്ദർഭമായി എന്നുമാത്രമല്ല എന്റെ സർക്കാരിന്റെ മതനിരപേക്ഷത, സോഷ്യലിസ്റ്റ് തത്ത്വങ്ങൾ, ഫെഡറൽ മൂല്യങ്ങൾ, ജനാധിപത്യം എന്നിവ ഉയർത്തിപ്പിടിക്കുവാനും പാരമ്പര്യത്തെ ആധുനികതയുമായി സൗഹാർദ്ദപരമായി സമന്വയിപ്പിക്കുന്നതിനുമുള്ള ഒരു വേദിയായിരുന്നു. കേരളീയം 2023-ന്റെ ഭാഗമായി അന്താരാഷ്ട്ര പ്രശസ്തരായ വിദഗ്ധരെയും നയരൂപീകരണ ചുമതലയുള്ളവരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള

യോഗങ്ങൾ ചേർന്നിരുന്നു. ഇത്തരം സംവാദങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ സമ്പന്നവും വൈവിദ്ധ്യപൂർണ്ണവുമായ ആശയങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനുള്ള പാത തെളിക്കുന്നതിൽ ഒരു വലിയ മുതൽക്കൂട്ടായിരുന്നു. എന്റെ സർക്കാർ ഈ വർഷവും ഈ പരിപാടി സംഘടിപ്പിക്കുന്നതിനും ഈ ഉദ്യമം തുടരുന്നതിനും ഉദ്ദേശിക്കുന്നു.

4. 140 അസംബ്ലി മണ്ഡലങ്ങളിലുമായി നടത്തപ്പെട്ട നവകേരള സദസ് അഥവാ "ആധുനിക കേരളത്തിനായുള്ള ജനസഭ"സംവാദങ്ങളിലും ആശയവിനിമയത്തിലും ജനാധിപത്യത്തിലും ജനവിധിയിലും എന്റെ സർക്കാരിനുള്ള അചഞ്ചലമായ വിശ്വാസത്തെ ഊട്ടിഉറപ്പിക്കുന്നതും ഇത്തരത്തിലുള്ള ഓരോ വേദിയിലുമുള്ള അസാധാരണമായ ജനപങ്കാളിത്തം കേരള ജനത എന്റെ സർക്കാരിൽ അർപ്പിച്ച വിശ്വാസത്തെ ആവർത്തിച്ച് ഉറപ്പിക്കുന്നതുമായിരുന്നു. എന്റെ സർക്കാർ ഈ നിർദ്ദേശങ്ങൾ അർഹമായ പ്രാധാന്യത്തോടെയെടുക്കുന്നതും അവ നടപ്പിൽ വരുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്.

5. മുഴുവൻ മന്ത്രിസഭാംഗങ്ങളുടെയും പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലെ

മുതിർന്ന ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം നടന്ന മേഖല അവലോകന യോഗങ്ങൾ, ഓരോ ജില്ലയിലും ഉയർന്നുവരുന്ന പ്രശ്നങ്ങൾ കേൾക്കുകയും വകുപ്പുകൾ തമ്മിലോ, നയപരമായ തലത്തിലോ പ്രായോഗികമായതോ ആയ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തുകൊണ്ട്, ഭരണം ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള എന്റെ സർക്കാരിന്റെ പ്രതിബദ്ധതയുടെ നേർസാക്ഷ്യമായിരുന്നു.

6. പാർപ്പിടം, പൊതുവിതരണ സമ്പ്രദായം, സാമൂഹ്യസുരക്ഷാ പെൻഷൻ എന്നിവയിലുള്ള തുല്യതയും പരിചരണവും ദുർബല വിഭാഗങ്ങളായ ആദിവാസി വിഭാഗങ്ങൾ, വികലാംഗർ, പ്രായമായവർ ഇവയിൽ സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങളിൽക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കുന്ന മാർഗ്ഗദർശകമായ ക്ഷേമ സംരംഭങ്ങളുടെ ചരിത്രം ഉൾക്കൊള്ളുന്നതാണ് കേരള വികസന ചരിത്രം. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യം എന്നിവയിലൂടെ മികവ് ഉറപ്പാക്കിയ ഉന്നമനത്തിന്റെ പാതയിലൂടെയാണ് ഇത് കടന്നുപോകുന്നത്. റോഡ്, കെട്ടിടങ്ങൾ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിങ്ങനെയുള്ള പൊതു അടിസ്ഥാനസൗകര്യങ്ങളുടെ

കരുത്തും സംസ്ഥാനം അതിന്റെ മുദ്ര പതിപ്പിക്കുന്നതിലേയ്ക്കായി ഗ്രാഫീൻ പോലുള്ള അത്യാധുനിക ചക്രവാളങ്ങൾക്കായുള്ള തുടർച്ചയായ തെരച്ചിലും അതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രകടമാക്കിയ അവരുടെ പൗരൻമാരുടെയും സമൂഹത്തിന്റെയും പ്രതിരോധശേഷി എന്നിവയാണ് മേൽ പ്രതിപാദിച്ചതിന്റെ നിർണ്ണായകഘടകം.

7. നീതി ആയോഗ് പ്രസിദ്ധീകരിച്ച ബഹുമുഖ ദാരിദ്ര്യ സൂചിക (മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ്)-ൽ 2019-2021-ൽ കേരളം ഒരിക്കൽക്കൂടി ദാരിദ്ര്യ സൂചിക കേവലം 0.55%, രാജ്യത്തെ അതിദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി ഉയർന്നിട്ടുണ്ടെങ്കിലും, 2025 നവംബർ 1-ഓടുകൂടി രാജ്യത്തെ ആദ്യത്തെ അതിദാരിദ്ര്യരഹിത സംസ്ഥാനമായി മാറ്റാനുള്ള അതിന്റെ പ്രതിബദ്ധത എന്റെ സർക്കാർ ദൃഢനിശ്ചയത്തോടെ തുടരുന്നതാണ്. കണ്ടെത്തിയിട്ടുള്ള 64,006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഒന്നാംഘട്ടം അവസാനിച്ച 2023 നവംബറിൽ ഈ കുടുംബങ്ങളിൽ 47.89

ശതമാനം അതിദാരിദ്ര്യത്തിൽനിന്നും മുക്തമായിട്ടുണ്ട്.

8. 'അവകാശം അതിവേഗം' പദ്ധതിക്കുക്കീഴിൽ അവശ്യരേഖകളായ റേഷൻകാർഡുകൾ, ആധാർ, വോട്ടർ ഐ.ഡി. മുതലായവ നൽകാനും അതോടൊപ്പം അവശ്യസേവനങ്ങളായ സാമൂഹ്യസുരക്ഷാ പെൻഷനുകളും ആരോഗ്യ ഇൻഷ്വറൻസും ബാങ്ക് അക്കൗണ്ടുകളും MGNREGS (Mahatma Gandhi National Rural Employment Gaurantee Scheme) തൊഴിൽ കാർഡുകളും എല്ലാ കുടുംബങ്ങളിലേയ്ക്ക് എത്തിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. കേരളത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ മുന്നേറ്റത്തിന് നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീപക്ഷ മുന്നേറ്റവും ആഗോളതലത്തിലെതന്നെ ഒരു ശ്രേഷ്ഠമായ സ്ത്രീ ശാക്തീകരണ പ്രസ്ഥാനവുമായ കേരളത്തിന്റെ കുടുംബശ്രീ 2023-ൽ 25 വർഷം പൂർത്തീകരിച്ച എന്നതിൽ എന്റെ സർക്കാരിന് അഭിമാനമുണ്ട്. നിലവിൽ ഇരുപതോളം സംസ്ഥാനങ്ങൾ കുടുംബശ്രീയുടെ വിജയമാതൃക സജീവമായി പിന്തുടരുന്നു.

10. രാജ്യത്ത് ആദ്യമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി നടപ്പിലാക്കിക്കൊണ്ട് സവിശേഷമായ ഒരു സ്ഥാനം എന്റെ സർക്കാർ കൈവരിച്ചിട്ടുണ്ട്. എന്റെ സർക്കാർ അതിന്റെ എല്ലാ തൊഴിലുറപ്പ് പദ്ധതികളുടെയും നിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി സമഗ്രമായ സോഷ്യൽ ആഡിറ്റ് നടത്തുന്നതിൽ മുൻപന്തിയിലും ഇതിൽ രാജ്യത്തെ ഏതൊരു സർക്കാരിനെക്കാളും പ്രഥമസ്ഥാനത്തുമാണ്.

11. കാലാവസ്ഥാ വ്യതിയാനവും അനുബന്ധ ദുരന്തങ്ങളും കൂടുതലായി ബാധിക്കപ്പെടുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ അത് കേരളത്തിന് കാര്യമായ അപകടസാധ്യത സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ അഭിവാജ്യഘടകങ്ങളായ സംസ്ഥാനത്തെ കൃഷി, വിനോദസഞ്ചാര മേഖലകളെ എളുപ്പത്തിൽ ബാധിക്കാൻ സാധ്യതയുള്ളതാണ്. സമുദ്രനിരപ്പുയരുന്നത്, തീരശോഷണം, ജന്തുജന്യരോഗങ്ങളുൾപ്പെടെയുള്ള അപകടസാധ്യതകൾ ലഘൂകരിക്കുന്നതിന് കാലാവസ്ഥയ്ക്കനുസരിച്ച കൃഷി സമ്പ്രദായങ്ങൾ (Climate

Smart Agriculture), തീരസംരക്ഷണ നടപടികൾ, മെച്ചപ്പെട്ട ആരോഗ്യ അടിസ്ഥാന സൗകര്യം എന്നിവ നൽകുന്നതിലൂടെ എന്റെ സർക്കാർ ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. വേലിയേറ്റ മേഖലയിലെ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റിപാർപ്പിച്ചുകൊണ്ട് പുനരധിവസിപ്പിക്കുന്നതിനുള്ള അഭിമാനാർഹ സംരംഭമായ പുനർഗേഹം പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കി വരികയാണ്. 3917 കുടുംബങ്ങളെ ഇതിനകം വിജയകരമായി മാറ്റി പാർപ്പിച്ചിട്ടുള്ളതും ഇവരെ 3527 വീടുകളിലും 390 ഫ്ലാറ്റുകളിലുമായി താമസിപ്പിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്.

12. “എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖകൾ, എല്ലാ സേവനങ്ങളും സ്മാർട്ട്” എന്ന ആപ്തവാക്യത്തിലധിഷ്ഠിതമായി ഭൂരേഖകൾ കൃത്യമാക്കുന്നതിനും ഭൂസംബന്ധമായ എല്ലാ രേഖകളും ഡിജിറ്റലായി ലഭ്യമാക്കുന്നതിനും അതിർത്തി തർക്കങ്ങളുടെ യഥാസമയത്തുള്ള പരിഹാരത്തിനും ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള അതിവേഗ ക്ലിയറൻസ് നൽകുന്നതിനും തുടങ്ങി എല്ലാ വിധത്തിലുമുള്ള സേവനങ്ങൾ

പൗരന്മാർക്ക് ലഭ്യമാക്കുന്നതിനുമായി 'എന്റെ ഭൂമി ഡിജിറ്റൽ പ്രോജക്ട്' എന്ന ഒരു നാലുവർഷത്തെ പദ്ധതി എന്റെ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

13. എന്റെ സർക്കാർ, മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ, സമൂലമായ ഒരു ശുചിത്വ-ശുചീകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നതും ഇതിന്റെ ഭാഗമായി ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിനുള്ള ഒരു സംവിധാനം സംസ്ഥാനത്ത് അതിവേഗം രൂപം പ്രാപിച്ചുവരുന്നുമുണ്ട്. മാലിന്യസംസ്കരണ മേഖലയിൽ ഹരിത കർമ്മസേനവഴി സ്ത്രീകൾക്കായി 36000 തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്റെ സർക്കാർ 2024 മാർച്ചിൽ സംസ്ഥാനത്തെ മാലിന്യമുക്തമാക്കുകയെന്ന അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായുള്ള അശ്രാന്ത പരിശ്രമത്തിലാണ്.

14. ആരോഗ്യരംഗത്ത് അഞ്ചുവർഷംകൊണ്ട് 265 കോടി രൂപ നിക്ഷേപമുള്ള അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എ.വി) ഉൾപ്പെടെയുള്ള പദ്ധതികൾക്ക് എന്റെ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വൈറൽ റിസർച്ചിലും രോഗനിർണ്ണയത്തിലും നിപ്പ അണുബാധ പ്രതിരോധിക്കുന്നതിനുള്ള മോണോക്ലോണൽ

ആന്റിബോഡികളുടെ ഗവേഷണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. മൈക്രോബയോട്ടയിലെയും ന്യൂട്രീഷ്യൻ ഫാർമസ്യൂട്ടിക്കൽ സയൻസിലെയും ഇന്റർഡിസിപ്ലിനറി ഗവേഷണം മെച്ചപ്പെടുത്തുന്നതിനും വാണിജ്യവത്ക്കരിക്കുന്നതിലേയ്ക്കുമായി സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോം (CoEM)-യും സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസും 2023-ൽ സ്ഥാപിതമായിട്ടുണ്ട്.

15. 2022-23-ൽ തുടക്കം കുറിച്ച സംരംഭകവർഷം പദ്ധതി സംസ്ഥാനത്തിനകത്ത് ഒരു നിശബ്ദ വ്യവസായ വിപ്ലവത്തിന് തിരികൊളുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ 2023-24-ലും പ്രതിഫലിക്കുന്ന തുടർച്ചയായ ഉജ്ജ്വല വിജയം കേരളം വ്യവസായ സൗഹൃദമല്ലായെന്ന മിഥ്യാധരണകളെയില്ലാതാക്കുന്നതാണ്. കേരളത്തിലെ പ്രഥമ സ്വകാര്യ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം സംസ്ഥാനത്തെ വ്യവസായവത്കരണത്തിൽ ഒരു പുതിയ യുഗത്തിന്റെ നാന്ദികുറിക്കുന്നതായിരിക്കും. സവിശേഷമായ 2022-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ ഏഷ്യയിൽ ഏറ്റവും ഉന്നതസ്ഥാനവും ലോകത്ത്

നാലാം സ്ഥാനവും നേടിക്കൊണ്ട് സംസ്ഥാനം ഗ്ലോബൽ സ്റ്റാർട്ടപ്പ് ഭൂപടത്തിൽ സുപ്രധാന നാഴികക്കല്ല് കൈവരിച്ചിട്ടുണ്ട്. വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ ഡി.പി.ഐ.ഐ.റ്റി.-യുടെ സ്റ്റാർട്ടപ്പ് ഇന്ത്യ റാങ്കിംഗിന്റെ നാലാം പതിപ്പിലും സംസ്ഥാനങ്ങളിലെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

16. സമയബന്ധിത അനുമതികളും ക്ലിയറൻസുകളും നൽകുന്നതിനുള്ള സുസജ്ജമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമായ കെ-സ്വിഫ്റ്റ് പോർട്ടലിന്റെ അവതരണം സംസ്ഥാനത്തെ വ്യവസായ വളർച്ച പരിപോഷിപ്പിക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ അർപ്പണ മനോഭാവത്തിന്റെ നേർസാക്ഷ്യമാണ്. ഭരണത്തിൽ കാര്യക്ഷമതയും സുതാര്യതയുമെന്ന മഹത്തായ ലക്ഷ്യപ്രാപ്തിയിലേയ്ക്കായി കേരളത്തിലെ പ്രാദേശിക സർക്കാരുകൾ കെ-സ്മാർട്ട് ആവുകയും അവരുടെ എല്ലാ സേവനങ്ങളും ഇപ്പോൾ ഡിജിറ്റലായി പൗരന്മാരുടെ വിരൽത്തുമ്പിൽ ലഭ്യമായിട്ടുള്ളതുമാണ്. എന്റെ സർക്കാർ 2023-ൽ സംസ്ഥാനത്തെ, ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഇ-ഗവേണൻസ് സംസ്ഥാനമായി

അഭിമാനപുരസ്സരം പ്രഖ്യാപിച്ചിട്ടുള്ളതും കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഇ-സാക്ഷരത സംസ്ഥാനമാക്കുന്നതിനുള്ള പാതയിലെത്തിച്ചിട്ടുള്ളതാണ്.

17. ഇത്തരം എല്ലാ ഇടപെടലുകളും നീതി ആയോഗ് പ്രസിദ്ധീകരിച്ച മൂന്ന് എസ്.ഡി.ജി. ഇന്ത്യാ ഇൻഡക്സ് എഡിഷനുകളിലും (2018, 2019-20, 2020-21) കേരളത്തെ മുൻപന്തിയിൽ എത്തിക്കാനിടയായിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) കൈവരിക്കാനുള്ള എന്റെ സർക്കാരിന്റെ നിതാന്ത പരിശ്രമത്തിന്റെ സൂചകവുമാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതി പ്രതിഫലിപ്പിക്കുന്നതും സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിലെ ഉത്തമ മാതൃകകൾക്ക് ഉദാഹരണവുമാണ്.

18. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്‌വരയിൽ അധിവസിക്കുന്ന ലക്ഷക്കണക്കിന് ആളുകളുടെ സുരക്ഷിതത്വത്തിന് രൂപകൽപ്പനയുടെയും നിർമ്മാണത്തിന്റെയും സമീപകാല മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിലവിലെ അണക്കെട്ടിന്റെ അടിവാരത്ത് ഒരു പുതിയ അണക്കെട്ട്

നിർമ്മിക്കുക മാത്രമാണ് ഏക പരിഹാരമെന്നതാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. ഡാമിന്റെ മുൻഭാഗവും പിൻഭാഗവും അൺകോഴ്സ്ഡ് റബ്ബിൾ മേസൺറി ഇൻ ലൈം മോട്ടോറും കേന്ദ്രഭാഗം ലൈം-സുർക്കി കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. 2018-2021 മൺസൂൺ കാലത്ത് പ്രത്യേകിച്ചും ഇടുക്കി ജില്ലയിൽ അത്യധികം ക്രമരഹിതമായ മഴ സൃഷ്ടിച്ച വിനാശകരമായ വെള്ളപ്പൊക്കവും പ്രളയവും കണക്കിലെടുക്കുമ്പോൾ തമിഴ്നാടിന് വെള്ളവും അടിവാര പ്രദേശത്ത് താമസിക്കുന്ന കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ഒരു പുതിയ ഡാം നിർമ്മിക്കുന്നതാണ് ഏക പരിഹാരം. കേരളം ഈ അഭിപ്രായം എല്ലാ ബന്ധപ്പെട്ട ഫോറങ്ങളിലും ഉയർത്തിയിട്ടുള്ളതും തമിഴ്നാടുമായി ഒരു രമ്യമായ പരിഹാരമാർഗ്ഗത്തിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്.

19. നെറ്റ് സീറോ കാർബൺ ഭാവിക്കായി കാർബൺരഹിത വികസനത്തിനുള്ള നമ്മുടെ അടിയുറച്ച പ്രതിബദ്ധത അടിവരയിട്ടുകൊണ്ട് ഹരിത ഗതാഗതത്തിൽ ഒരു നിർണ്ണായക ചുവടുവയ്പ്പായി കൊച്ചി വാട്ടർ

മെട്രോ, രാജ്യത്തെ ഈവിധത്തിലുള്ള ആദ്യത്തേത്, എന്റെ സർക്കാർ അഭിമാനപുരസ്സരം രാജ്യത്തിന് സമർപ്പിച്ചു.

20. ചരിത്രപരമായ നിമിഷത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആദ്യകപ്പലിനെ വരവേറ്റു. ഒന്നാം ഘട്ടനിർമ്മാണത്തിൽ 8,000 കോടിയിലേറെ രൂപയുടെ മുതൽമുടക്കുള്ളതും തന്ത്രപ്രധാനമായ സ്ഥാനത്ത് സ്ഥിതിചെയ്യുന്നതുമായ ഈ തുറമുഖം 2024 അവസാനത്തോടുകൂടി കമ്മീഷൻ ചെയ്യുന്നതും ആഗോളതലത്തിൽ പ്രധാന തുറമുഖങ്ങളുമായി കിടപിടിക്കുന്നതിന് സജ്ജമാക്കുന്നതുമാണ്.

21. ബഹുമാനപ്പെട്ട പ്രധാനമന്ത്രി 2023 ഏപ്രിൽ 25–ാം തീയതി തറക്കല്ലിട്ട ആകെ 1,515 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് കേരളത്തിൽ നിരവധി വിവര-വിജ്ഞാന വ്യവസായങ്ങൾ സൃഷ്ടിക്കാൻ നിർണ്ണായക പങ്ക് വഹിക്കുന്നതാണ്.

22. നിരവധി വെല്ലുവിളികളുണ്ടായിരുന്നിട്ടും അവയെ അതിജീവിച്ച് എന്റെ സർക്കാർ അതിശയകരമായ നേട്ടങ്ങൾ കൈവരിച്ചു. ഇവയിൽ

പരമപ്രധാനം സാമ്പത്തിക കാര്യങ്ങൾ കേന്ദ്രവും സംസ്ഥാനവും തമ്മിൽ നിലനിൽക്കുന്ന അസമത്വത്തിൽനിന്നും ഉത്ഭവിച്ച പണഞെരുക്കമാണ്. സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വിഭവസമാഹരണത്തിന് ഗണ്യമായ സ്രോതസ് കേന്ദ്രത്തിനുണ്ടെന്നതാണ് വസ്തുത. അതേസമയം സംസ്ഥാനങ്ങൾ അവയുടെ വരുമാനമുണ്ടാക്കാനുള്ള സ്രോതസ്സുകളുടെ പരിമിതികടന്ന് വികസന ചെലവുകൾ ഏറ്റെടുക്കാൻ നിർബന്ധിതരാകുന്നത് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിലെ വലിയ അസമത്വത്തിലേയ്ക്ക് വിരൽചൂണ്ടുന്നു. കാലക്രമേണ ഇത് കൂടുതൽ തീവ്രമായ സംസ്ഥാനങ്ങളുടെ ധനസ്ഥിതയെ പരിമിതപ്പെടുത്തിയിട്ടുണ്ട്.

23. കാലാകാലങ്ങളിലുള്ള ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ വരുന്ന സ്ഥായിയായ കുറവ് നിർബന്ധമായും ശ്രദ്ധപിടിച്ചുപറ്റേണ്ട ഒരു വസ്തുതയാണ്. 10-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ (1995-2000) കേന്ദ്രസർക്കാരിൽനിന്നുള്ള നികുതി വിഹിതം 3.88 ശതമാനമെന്നതിൽനിന്നും 15-ാം ധനകാര്യകമ്മീഷന്റെ കാലയളവിൽ (2021-2026) കേവലം 1.92 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നതിന് കേരളം

സാക്ഷ്യം വഹിക്കുന്നുണ്ട്.

24. 2023-24-ൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും സംസ്ഥാനത്തിന്റെ ബഡ്ജറ്റിനുപുറത്തുള്ള കടമെടുപ്പിൽ കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരത്തിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാൻ സംസ്ഥാനം നിർബന്ധിതമായിട്ടുണ്ട്. ഇത്രയും ഭീകരമായ വെല്ലുവിളികളെ നേരിടുമ്പോഴും കേരള മോഡൽ വികസനത്തിന്റെ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിൽ കേന്ദ്രീകൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കുംവേണ്ടി എന്റെ സർക്കാർ അടിയുറച്ച നിലപാട് കൈക്കൊള്ളുന്നു.

25. ഈ സാഹചര്യത്തിൽ എന്റെ സർക്കാർ ഒരുവശത്ത് സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും മറുവശത്ത് അധിക ആഭ്യന്തര വരുമാനം സമാഹരിക്കുന്നതിലും ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. എന്റെ സർക്കാർ 2022-23-ൽ

തനത് നികുതി വരുമാനം 71,968 കോടി രൂപയായി വിജയകരമായ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ട് മുൻവർഷത്തെ അപേക്ഷിച്ച് ഏകദേശം 13,600 കോടി രൂപയുടെ അല്ലെങ്കിൽ 23.4 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് റവന്യൂ വരുമാന സമാഹരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനമാണ് കേരളം. കേരളത്തിന് മദ്യത്തിൽനിന്ന് ലഭിക്കുന്ന തനത് നികുതി വരുമാനം (3.7 ശതമാനം) മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏറ്റവും കുറഞ്ഞ നിരക്കും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അവിടെ വളരെ ഉയർന്ന നിരക്കായ 22 ശതമാനം ആണെന്നത് ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്. നികുതി വിതരണത്തിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കണമെന്ന കേരളത്തിന്റെ ശക്തമായ അഭിപ്രായം കേന്ദ്രസർക്കാർ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അർഹതപ്പെട്ട ഗ്രാന്റും സഹായത്തിന്റെ വിഹിതവും തടഞ്ഞുവയ്ക്കുന്നതിനെ എന്റെ സർക്കാർ ആശങ്കയോടെയാണ് വീക്ഷിക്കുന്നത്. 15–ാം ധനകാര്യകമ്മീഷന്റെ സ്വീകരിക്കപ്പെട്ട

ശിപാർശകൾക്കനുസൃതമല്ലാതെ മുൻകാല പ്രാബല്യത്തോടെ വായ്പാപരിധി വെട്ടിക്കുറച്ചതുകാരണം എന്റെ സർക്കാരിന് കടുത്ത പണഞെരുക്കം അനുഭവപ്പെടുന്നു. കേന്ദ്രസർക്കാരിന്റെ ഈ നിലപാടിൽ അടിയന്തര പുനഃപരിശോധന ആവശ്യമാണ്.

**എന്റെ സർക്കാരിന്റെ പ്രത്യേക മേഖലകളിലൂടനീളമുള്ള സംരംഭങ്ങളെക്കുറിച്ച് ഞാൻ ഇപ്പോൾ ചർച്ച ചെയ്യാം.**

**I. കൃഷിയും അനുബന്ധ മേഖലകളും**

26. എന്റെ സർക്കാർ കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ കേരളത്തിന്റെ ഭക്ഷ്യ-പോഷകാഹാര സുരക്ഷയും സാമ്പത്തിക ഭദ്രതയും ശക്തിപ്പെടുത്താനുള്ള സുപ്രധാന കാൽവയ്പിൽ, ലോകബാങ്കിന്റെ പിന്തുണയോടെ, കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (KERA) പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി, സംഭരണ മൂല്യവർദ്ധിതാടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്ന അതിന്റെ പരമമായ ലക്ഷ്യത്തിലൂടെ നമ്മുടെ കർഷകരുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉറപ്പുനൽകുന്നുണ്ട്. എന്റെ സർക്കാർ KERA പദ്ധതിയോടൊപ്പം കാർഷിക

ഉൽപ്പന്നങ്ങളുടെ വിപണനത്തിന്റെയും മൂല്യവർദ്ധനവിന്റെയും പരിരക്ഷയ്ക്കായി CIAL-ന്റെ മാതൃകയിൽ കേരള അഗ്രോ ബിസിനസ് കമ്പനി (KABCo) രൂപീകരിച്ചിട്ടുണ്ട്.

27. എന്റെ സർക്കാർ ഭാവനാപൂർണ്ണമായ ജൈവ കാർഷിക മിഷന് കീഴിൽ, പ്രതിവർഷം 10000 ഹെക്ടർ എന്ന ലക്ഷ്യത്തോടെ, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 50000 ഹെക്ടർ ഭൂമി അഭിവൃദ്ധി പ്രാപിക്കുന്ന ജൈവ കൃഷിയിടങ്ങളാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. കേരളത്തിൽനിന്നുള്ള ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, ബ്രാൻഡിംഗ്, വിപണനം എന്നിവയിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്റെ സർക്കാർ അഗ്രോ ഇക്കളോജിക്കൽ സോൺ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യ വിളകൾ കൃഷി ചെയ്യുകയെന്ന ലക്ഷ്യത്തോടെ പോഷക സമൃദ്ധി മിഷനും ആരംഭിച്ചിട്ടുണ്ട്. മൂന്ന് വർഷങ്ങൾക്കകം 75 ലക്ഷം കുടുംബങ്ങൾക്ക് പോഷക സമൃദ്ധ ആഹാരം നൽകുകയെന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

28. എന്റെ സർക്കാർ "കേരൾഅഗ്രോ" എന്ന ബ്രാൻഡ് അനാവരണം

ചെയ്തതിലൂടെ കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങളുടെ ആഗോള വിശ്വാസ്യതയും അംഗീകാരവും പ്രാപ്യതയും വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തുനിന്നുള്ള ആയിരത്തിൽപ്പരം മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ പ്രമുഖ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ഓൺലൈനായി എത്തിക്കുന്നതാണ്.

29. "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ജനകീയ പ്രചരണത്തിന്റെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നതും 30000 കൃഷിക്കൂട്ടങ്ങളിലൂടെ 3 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

30. പാൽ ഉൽപ്പാദനക്ഷമതയിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്തെത്തിയിട്ടുള്ളതും അടുത്ത വർഷത്തിനുള്ളിൽ പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതുമാണ്. 2023-ൽ കേന്ദ്ര മൃഗസംരക്ഷണ ക്ഷീരമന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ (മിൽമ) മലബാർ യൂണിയനാണ് രാജ്യത്തെ ഏറ്റവും മികച്ച നിലവാരമുള്ള പാൽ ഉൽപാദിപ്പിക്കുന്നത്.

31. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ, ഇ-സമൃദ്ധ പ്ലാറ്റ്ഫോമിൽ സംസ്ഥാന വ്യാപകമായി ഒരു കർഷക ഡാറ്റാബേസ്, ഇ-വെറ്ററിനറി സേവനങ്ങൾ എന്നിവ നൽകിവരുന്നു. എന്റെ സർക്കാർ കുളമ്പുരോഗങ്ങൾ ചെറുക്കുന്നതിന് 12 ലക്ഷം അനുയോജ്യമായ കന്നുകാലികളെ ഉൾപ്പെടുത്തി ഒരു സമഗ്ര വാക്സിനേഷൻ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

32. തീരദേശവാസികളുടെ പ്രശ്നങ്ങളും പരാതികളും പഠിക്കാനും പരിഹാരനടപടികൾ സ്വീകരിക്കാനും സംസ്ഥാനത്തെ തീരദേശ മണ്ഡലങ്ങളിൽ മത്സ്യബന്ധന വകുപ്പ് 'തീര സദസ്' സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിന് എന്റെ സർക്കാർ മുൻഗണന നൽകുന്നു. മത്സ്യ മാർക്കറ്റുകൾ, പ്രീ-പ്രോസസ്സിംഗ്, മൂല്യവർദ്ധന-വിപണന സൗകര്യങ്ങൾ എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന

കൂടുതൽ പദ്ധതികൾ വരുംവർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സജീവമായി നടപ്പിലാക്കും.

33. വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ട് പ്രകാരം, (വിറ്റുവരവ്/ജി.ഡി.പി.-യുടെ അടിസ്ഥാനത്തിൽ) സാമ്പത്തിക സേവന മേഖലയിൽ ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനവും ആഗോളതലത്തിൽ ഏഴാമത്തെ വലിയ സ്ഥാപനവും എന്ന ബഹുമതി കേരള ബാങ്ക് കരസ്ഥമാക്കിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷൻ (NAFSCOB) പ്രസ്തുത ബാങ്കിനെ തുടർച്ചയായി മൂന്ന് വർഷങ്ങളിൽ (2019-20) രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാന സഹകരണ ബാങ്കായി അംഗീകരിച്ചിട്ടുണ്ട്.

34. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്ന് ഗ്രാമീണ കുടുംബങ്ങളെ മോചിപ്പിക്കാനായി തയ്യാറാക്കിയിട്ടുള്ള 'മുറ്റത്തെ മുല്ല' പദ്ധതി, താഴ്ന്ന വരുമാനവിഭാഗങ്ങൾ, തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ മുതലായവർക്ക് 547.16 കോടി രൂപയുടെ വായ്പ വിജയകരമായി വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ, സ്നേഹതീരം പദ്ധതി, തീരദേശത്തെ ജനങ്ങൾക്ക്

ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ ഫിക്സഡ് ടേം ലോണുകൾ അനുവദിച്ചിട്ടുണ്ട്. വിഷമതയനുഭവിക്കുന്നതോ ദുർബലമോ അല്ലെങ്കിൽ പ്രവർത്തനരഹിതമായതോ ആയ സൊസൈറ്റികളുടെ പുനരധിവാസത്തിനും പുനരുജ്ജീവനത്തിനുമായി അടുത്ത സാമ്പത്തിക വർഷത്തിൽ, ഒരു സഹകരണ പുനരുജ്ജീവന ഫണ്ട് പദ്ധതി രൂപീകരിക്കുന്നതാണ്.

**II. മാനവ വികസന മേഖലകൾ**

35. നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാമിന് കീഴിൽ ഡിസ്ട്രിക്റ്റ് വൈറൽ ഹെപ്പറ്റൈറ്റിസ് മാനേജ്മെന്റ് യൂണിറ്റുകളും ചികിത്സാ കേന്ദ്രങ്ങളും സ്ഥാപിക്കുന്നത് നടന്നുവരുന്നു. മികവ് പരിപോഷിപ്പിക്കൽ, സ്വയം പരിശീലനം നൽകൽ, മെച്ചപ്പെട്ട ലബോറട്ടറി സൗകര്യങ്ങൾ, അന്തർമേഖലാ ഏകോപനം എന്നിവയിൽ കേന്ദ്രീകരിച്ചുകൊണ്ട് പകർച്ചവ്യാധി രോഗങ്ങളുടെ തീവ്ര നിരീക്ഷണത്തിനും ഏകാരോഗ്യ സമീപനത്തിനും എന്റെ സർക്കാർ മുൻഗണന നൽകുന്നു.

36. സാംക്രമികേതര രോഗങ്ങൾ (NCD) സമൂഹത്തിന് ഭീഷണി മുഴക്കുന്നുവെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട്, നവകേരള കർമ്മപദ്ധതി

2-നുകീഴിൽ (ആർദ്രം മിഷൻ) ജനസംഖ്യാധിഷ്ഠിതമായി സാംക്രമികേതര രോഗങ്ങളുടെ സ്ക്രീനിംഗ് നടത്തുന്നതിനുള്ള ഒരു പുതിയ പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. ASHA പ്രവർത്തകരുടെ ഗൃഹസന്ദർശനത്തിലൂടെ 30 വയസ്സിനുമുകളിലുള്ള എല്ലാ ജനങ്ങളുടെയും അപകടസാധ്യത കണ്ടെത്തുന്നതിന് ഇ-ഹെൽത്ത് തയ്യാറാക്കിയ SHAILI എന്ന ആപ്ലിക്കേഷനിലൂടെയാണിത് നടത്തിയിട്ടുള്ളത്. ലക്ഷ്യമിട്ട ജനസംഖ്യയുടെ 87 ശതമാനം (1.53 കോടി) സർവ്വേയ്ക്ക് വിധേയരാക്കുകയും, രോഗമുണ്ടെന്ന് സംശയിക്കുന്നവരെ സ്ഥിരീകരണത്തിനായി ആരോഗ്യ സംരക്ഷണ സംവിധാനങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. SHAILI-ആപ്പ് ഉപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി ക്യാൻസർ രോഗനിർണ്ണയം നടത്തിയിട്ടുള്ളതും ഇ-ഹെൽത്ത് തയ്യാറാക്കിയ Cancer Care Suit മുഖേന ക്ലിനിക്കൽ പരിശോധനകൾ നടത്തിയിട്ടുള്ളതുമാണ്. SHAILI-II വികസിപ്പിക്കുന്നതിലൂടെ ഡാറ്റയുടെ ആഴത്തിലുള്ള വിശകലനത്തിനോടൊപ്പം വരും വർഷങ്ങളിലും കൂടുതൽ രോഗങ്ങൾ ടാർജറ്റ് ചെയ്തുകൊണ്ട് ഇത്തരം സ്ക്രീനിംഗ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ

പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 105 ഹീമോ ഡയാലിസിസ് സെന്ററുകൾക്കുപുറമെ 14 ജില്ലകളിലും പെരിട്ടോണിയൽ ഡയാലിസിസിനുവേണ്ടിയുള്ള ഒരു പരിപാടികൂടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഡയബറ്റിക് റെറ്റിനോപതി നിർണ്ണയം 172 സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുള്ളതും, COPD മാനേജ്മെന്റിനായുള്ള SWASS ക്ലിനിക്കുകൾ 500-ൽപരം സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുള്ളതുമാണ്. ഒരു കുടക്കീഴിൽതന്നെ രോഗങ്ങളും അവയുടെ സങ്കീർണ്ണതകളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി, പ്രധാന ആശുപത്രികളിൽ **'360 ഡിഗ്രി മെറ്റബോളിക് സെന്റേഴ്സ്** ' എന്ന ഒരു സമഗ്ര NCD മാനേജ്മെന്റ് സെന്ററും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിൽ ആരോഗ്യജീവിതശൈലി പ്രചരിപ്പിക്കുന്നതിലേയ്ക്ക് ഒരു ഹെൽത്തി ലൈഫ് ക്യാമ്പയിൻ ആരംഭിക്കാനും സർക്കാർ പദ്ധതിയിടുന്നു. കീമോതെറാപ്പിയും മറ്റ് അവശ്യസേവനങ്ങളും പ്രദാനം ചെയ്യുന്ന വികേന്ദ്രീകൃത ക്യാൻസർ കെയർ ക്ലിനിക്കുകൾ സംസ്ഥാനത്തുടനീളം 24 കേന്ദ്രങ്ങളിലായി പ്രവർത്തനസജ്ജമായിട്ടുണ്ട്. വിട്ടുമാറാത്ത രോഗമുള്ളവരുടെ സാന്ത്വന പരിചരണവും പുനരധിവാസവും

കൈകാര്യം ചെയ്യുന്നതിനായി 227 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

37. ആരോഗ്യ സംരക്ഷണ മേഖലയിൽ, AYUSH-നുകീഴിൽ പത്ത് ലക്ഷത്തിൽപരം ഇൻപേഷ്യന്റ്സിനും രണ്ട് കോടിയിൽപരം ഔട്ട്പേഷ്യന്റ്സിനും വിജയകരമായി ചികിത്സ ലഭിച്ചിട്ടുണ്ട്. AB-PMJAY-KASP- യ്ക്കുകീഴിൽ എണ്ണത്തിൽ ഏറ്റവും കൂടുതൽ ചികിത്സകൾക്കുള്ള 2023-ലെ Ayushman Uthkirshta Award കേരളത്തിന് ലഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ "നേർകാഴ്ച" പദ്ധതിയിലൂടെ മുഴുവൻ ജനങ്ങളുടെയും നേത്രരോഗ പരിശോധന നടത്താൻ ഉദ്ദേശിക്കുന്നു.

38. എന്റെ സർക്കാർ മാനസികാരോഗ്യത്തിനായുള്ള മാനസികം, സിക്കിൾസെൽ യൂണിറ്റ് പോലുള്ള പ്രത്യേക സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഹോമിയോപ്പതിയിൽ, പക്ഷാഘാതം കൈകാര്യം ചെയ്യാനുള്ള 'ശ്രദ്ധ', ലഹരി മുക്തിക്കായുള്ള 'വിമുക്തി' പോലുള്ള പദ്ധതികളും ILDM മുഖേന ദുരന്തനിവാരണ പരിശീലനവും ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ ഭാവി പദ്ധതികളിൽ 100 കിടക്കകളുള്ള ആശുപത്രി സ്ഥാപിക്കൽ, ആരോഗ്യ

ടൂറിസം സ്കീമുകൾ വിപുലപ്പെടുത്തൽ, റിസർച്ച് ആൻഡ് ഡെവലപ്മെന്റിന് (ആർ & ഡി) മുൻഗണന നൽകൽ എന്നിവ ഉൾക്കൊള്ളുന്നതാണ്.

39. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല പുരോഗതിയുടെ പാതയിലാണ്. പൊതു വിദ്യാലയങ്ങളിൽ നിരവധി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഓൺലൈൻ ഹൈടെക് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ഇതുമായി ബന്ധപ്പെട്ട്, യൂണിസെഫിന്റെ അന്താരാഷ്ട്ര റിപ്പോർട്ടിൽ കേരളത്തിന് ഒരു പ്രത്യേക പരാമർശം ലഭിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി നിലനിർത്തിപോകുന്നതിനും സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും സൗജന്യ യൂണിഫോമുകളും നൽകുന്നതിനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, കേരളം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്.

40. ദേശീയ സംസ്ഥാന തലങ്ങളിൽ പാഠ്യപദ്ധതി പരിഷ്കരണങ്ങൾ പുരോഗമിക്കവേ, 6 മുതൽ 12 ക്ലാസുകളിലെ പാഠപുസ്തകങ്ങളിലെ ചില ഭാഗങ്ങൾ NCERT നീക്കം ചെയ്തിട്ടുണ്ട്. NCERT നീക്കംചെയ്ത പ്രധാന

ഭാഗങ്ങളിൽ, മുഗൾ ചരിത്രവും ഇന്ത്യയുടെ വിഭജനവും മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വം, പഞ്ചവത്സര പദ്ധതി, അടിയന്തരാവസ്ഥ, ഇന്ത്യയിലെ ജനകീയ പോരാട്ടങ്ങൾ, ഇന്ത്യയിലെ സാമൂഹിക വ്യവസ്ഥിതികളും ജാതി സമ്പ്രദായവും ഉൾപ്പെടുന്നതാണ്. ആയതിനാൽ, കുട്ടികളിൽ യഥാർത്ഥ ചരിത്രപരവും സാമൂഹ്യവുമായ അവബോധം ഉറപ്പാക്കുന്നതിനായി ഹ്യൂമാനിറ്റീസിൽ കേരളം കൂടുതൽ പാഠപുസ്തകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നാല് വിഷയങ്ങളിൽ, കൂടുതലായി ആറ് പാഠപുസ്തകങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

41. 13000-ത്തിൽകൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഏഷ്യയിലെ ഏറ്റവും വലിയ യൂത്ത് ആർട്ട് ഫെസ്റ്റിവലായ കേരള സ്കൂൾ കലോത്സവം കുറ്റമറ്റരീതിയിൽ സംഘടിപ്പിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കായികമേള, സ്പെഷ്യൽ ആർട്ട് ഫെസ്റ്റിവൽ, ശാസ്ത്രമേള എന്നിവയും മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തവണ ദേശീയ സ്കൂൾ കായിക മേളയിൽ സീനിയർ അത്‌ലറ്റ്സ് വിഭാഗത്തിൽ കേരളം ചാമ്പ്യനായിയെന്നതും എടുത്തുപറയേണ്ടതാണ്.

42. വിദ്യാഭ്യാസത്തിൽ, ഭിന്നശേഷി കുട്ടികൾക്ക് പ്രാപ്യമാകുന്ന ശുചിമുറികൾ, സ്കൂളുകളിൽ 'ഓട്ടിസം പാർക്കുകൾ' നിർമ്മിക്കൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിലാണ് എന്റെ സർക്കാർ അങ്ങേയറ്റം ശ്രദ്ധ പതിപ്പിക്കുന്നത്. 2024-25-ലെ പുതിയ സംരംഭങ്ങളിൽ 'എഫിഷ്യന്റ് വേസ്റ്റ് മാനേജ്മെന്റ് ഇൻ സ്കൂൾസ്', 'എംപവറിഗ് ഗേൾസ് ത്രൂ മെൻസ്ട്രുവൽ ഹൈജീൻ', 'സപ്പോർട്ട് ഫോർ എക്സ്ട്രീമിലി പൂവർ ചിൽഡ്രൻ' എന്നിവ ഉൾപ്പെടുന്നു.

43. എന്റെ സർക്കാർ സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി പരിവർത്തനപ്പെടുത്തുന്നതിൽ അർപ്പിതമാണ്. ഈ പരിഷ്കരണങ്ങളിൽ ഒരു ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിന്റെ വികസനവും നാല് വർഷ അണ്ടർ ഗ്രാഡ്വേറ്റ് കോഴ്സുകൾ ആരംഭിക്കലും വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഇന്റർ-യൂണിവേഴ്സിറ്റി ട്രാൻസ്ഫറും ക്രെഡിറ്റ് ട്രാൻസ്ഫറും ഉൾപ്പെടുന്നു. 'K-TEEN' പ്രോജക്ട്, എഞ്ചിനീയറിംഗും സാങ്കേതിക വിദ്യാഭ്യാസവും വഴിയുള്ള ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ വികാസം ത്വരിതപ്പെടുത്താൻ

ലക്ഷ്യമിടുന്നു. നോഡൽ സെന്റർ ഫോർ റോബോട്ടിക്സ് ആൻഡ് എ.ഐ-യെ നിർമ്മിത ബുദ്ധിയിലെ ഒരു മികവിന്റെ കേന്ദ്രമാക്കി ശക്തിപ്പെടുത്തുന്നതാണ്. 5 ജി ആൻഡ് കമ്മ്യൂണിക്കേഷൻ, ഡ്രോൺ സാങ്കേതികവിദ്യ, അഡിറ്റീവ് മാനുഫാക്ച്ചറിംഗ് എന്നിവയിൽ ASAP കേരള മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയിടുന്നു.

44. സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും ഇതിനായുള്ള നിയമനിർമ്മാണം നടന്നുവരികയുമാണ്. ഇൻഡസ്ട്രി ഓൺ ക്യാപസ് (IoC) വ്യവസായ-അക്കാദമിക സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം പരിപോഷിപ്പിക്കുന്നത് വിവിധ വാണിജ്യ അവസരങ്ങളിലേയ്ക്ക് നയിക്കുന്നു.

45. എന്റെ സർക്കാർ സർക്കാർ സ്കൂളുകളിലെ സയൻസ് ലബോറട്ടറികൾ നവീകരിക്കുന്നതോടൊപ്പം ഉയർന്ന നിലവാരമുള്ള 50-ൽപരം ശാസ്ത്ര-എഞ്ചിനീയറിംഗ്-സാങ്കേതിക ഗവേഷണ പ്രോജക്ടുകൾക്ക് പിന്തുണയും നൽകുന്നു. അത്യാധുനിക ഗവേഷണങ്ങളും വ്യവസായങ്ങളും ആകർഷിക്കുന്നതിൽ സയൻസ് പാർക്കുകളുടെ പങ്ക് മുൻകൂട്ടി കണ്ടുകൊണ്ട്

മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കാനായി 600 കോടി രൂപയുടെ സർക്കാർ നിക്ഷേപം നടത്തുന്നതാണ്. ഏഷ്യയിലെ മുൻനിര സയൻസ് എക്സിബിഷൻ ആയ ദി ഗ്ലോബൽ സയൻസ് ഫെസ്റ്റിവെൽ കേരള (GSFK) നടന്നുവരുന്നു.

46. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് ഫെയർപ്രൈസ് ഷോപ്പുകളെ (FPSs) നവീകരിച്ചുകൊണ്ട്, ഗ്രാമപ്രദേശങ്ങളിൽ വിഭിന്നങ്ങളായ സേവനങ്ങൾ പ്രദാനം ചെയ്യുന്ന 'കെ-സ്റ്റോർ പ്രോജക്റ്റ്' ആരംഭിക്കൽ ഉൾപ്പെടെയുള്ള സുപ്രധാന നാഴികകല്ലുകൾ കൈവരിച്ചിട്ടുണ്ട്. 245 കെ-സ്റ്റോറുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്-അടുത്ത വർഷത്തോടെ ഇത് 2000 വരെ എത്തുന്നതാണ്. "ഓപ്പറേഷൻ യെല്ലോ", 184344 അനധികൃത കാർഡുകൾ കണ്ടെത്തികൊണ്ട് NFSA കാർഡുകളുടെ ദുരുപയോഗം വിജയകരമായി തടഞ്ഞിട്ടുണ്ട്. ഓപ്പറേഷൻ യെല്ലോയും വോളന്ററി സറണ്ടറും സ്കീം മുഖേന ലഭിച്ച 366397 മുൻഗണനാ കാർഡുകൾ അർഹരായവർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ, എന്റെ സർക്കാർ അടുത്ത വർഷത്തോടെ ഒരു ലക്ഷം മുൻഗണനാ കാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്യാൻ

ഉദ്ദേശിക്കുന്നു. സന്നദ്ധരായ ഓട്ടോറിക്ഷാ ഡ്രൈവർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "ഒപ്പം" പ്രോജക്ട് അർഹരായ ഗുണഭോക്താക്കൾക്ക് വാതിൽപ്പടി റേഷൻ വിതരണത്തിന് സഹായകരമായിട്ടുണ്ട്.

47. എന്റെ സർക്കാർ കേരളത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽ സാർവ്വത്രിക കവറേജ് ഉറപ്പാക്കികൊണ്ട് 132 ലൊക്കേഷനുകളിലെ പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്കും സംസ്ഥാനത്ത് കണ്ടെത്തപ്പെട്ട 5132 അതിദരിദ്രർക്കും റേഷൻ വിതരണം നടത്തിയിട്ടുണ്ട്. ഫെയർ പ്രൈസ് ഷോപ്പുകളിലൂടെ ലിറ്റർ ഒന്നിന് 10 രൂപയ്ക്ക് കുടിവെള്ളം നൽകുന്ന SUJALAM' എന്ന പുതിയ സംരംഭം 5 ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ളതും അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതുമാണ്. എന്റെ സർക്കാർ എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി അതിഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡുകൾ നൽകിയിട്ടുള്ളതും അതിലൂടെ സംസ്ഥാനത്ത് വസിക്കുന്ന ഓരോ വ്യക്തിയെയും സാർവത്രിക പൊതുവിതരണത്തിനുകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

48. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

(Supplyco) സാമ്പത്തിക വർഷം ലക്ഷ്യമിട്ട 5,000 കോടി രൂപയിൽ, 3,473.49 കോടി രൂപയുടെ വിൽപ്പന ടേൺ ഓവർ കരസ്ഥമാക്കി കഴിഞ്ഞു. ERP സോഫ്റ്റ്വെയർ ആരംഭിക്കൽ, ഓൺലൈൻ വിതരണം, പെട്രോളിയം ബിസിനസ് വ്യാപിപ്പിക്കൽ, ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ എന്നിവ ഭാവി പദ്ധതികളിൽ ഉൾപ്പെടുന്നതാണ്.

49. എന്റെ സർക്കാർ നടപ്പുസീസണിൽ നെല്ലിന് ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിലെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 28.20/kg എന്ന സംഭരണ വില നൽകിവരുന്നുണ്ട്.

**III. സാമൂഹ്യ മേഖല**

50. നടപ്പു വർഷക്കാലയളവിൽ, എഡ്യൂക്കേഷണൽ അസിസ്റ്റൻസ് ആൻഡ് സ്കോളർഷിപ്പ് സ്കീംസും ഒ.ബി.സി. വിദ്യാർത്ഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പ് സ്കീമുംവഴി മൊത്തം 173982 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും നൽകിയിട്ടുണ്ട്. എന്റെ സർക്കാർ 2023-24 കാലയളവിൽ മുപ്പത്തയ്യായിരത്തിൽപ്പരം എസ്.സി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും 11619 എസ്.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും 2.5

ലക്ഷത്തിൽപരം എസ്.സി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായവും 10834 എസ്.സി വിദ്യാർത്ഥികൾക്ക് പ്രത്യേക ഇൻസെന്റീവും 6334 എസ്.സി. വിദ്യാർത്ഥികൾക്ക് അയ്യങ്കാളി സ്കോളർഷിപ്പും വിതരണം ചെയ്തിട്ടുണ്ട്. അതിക്രമ കേസുകളിൽ, 140 കേസുകളിൽ ഇരയായ പട്ടികജാതിക്കാർക്ക് സഹായം അനുവദിച്ചിട്ടുണ്ട്.

51. എന്റെ സർക്കാർ എസ്.സി വിഭാഗങ്ങളിലുൾപ്പെട്ട 85000-ൽപ്പരം വരുന്ന ഭിന്നശേഷിക്കാരുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'ഏബിൾ കേരള' നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. എസ്.സി. കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപാദന കേന്ദ്രങ്ങളുമായി മാറ്റുന്നതിനായി 'വരുമാനവീട്' നടപ്പിലാക്കിയിട്ടുണ്ട്. മറ്റൊരു പ്രോഗ്രാമായ 'ഹെൽപ് ഔവർ പീപ്പിൾ ഇൻ എമർജൻസി' (HOPE) മാതാപിതാക്കൾ ഇല്ലാത്ത 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസവും മാനസികവുമായ പിന്തുണ നൽകുന്നതിന് ലക്ഷ്യമിടുന്നു.

52. എന്റെ സർക്കാർ സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടിക ഗോത്രവർഗ്ഗങ്ങൾക്ക് വീൽ ചെയറുകൾ, ശ്രവണ സഹായികൾപോലുള്ള

പുനരധിവാസ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും "KATTADI" (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് ആൻഡ് ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂട്ട്) ഏർപ്പെടുത്തിയിട്ടുണ്ട്. എന്റെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ യോഗ്യരായ പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ നിയമിക്കുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും "ട്രൈബൽ പാരാമെഡിക്സ് ട്രെയ്നി സ്കീം" നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

53. ലാൻഡ് ബാങ്ക് സ്കീം ദ്രുതഗതിയിൽ നടപ്പിലാക്കിയും ഊരുകൂട്ടങ്ങളുമായി കൂടിയാലോചിച്ച് നിക്ഷിപ്തവനത്തിൽനിന്നും വനാവകാശ നിയമത്തിൻകീഴിൽ ഭൂമി വിതരണം ചെയ്തും, ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസവും പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരുടെ വികസനവും TRDM മുഖേന നടപ്പിലാക്കിവരുന്നു.

54. ന്യൂനപക്ഷസമുദായങ്ങൾക്കായുള്ള എന്റെ സർക്കാരിന്റെ പ്രത്യേക പദ്ധതികളിൽ, ന്യൂനപക്ഷ വിധവകൾ/വിവാഹമോചിതകൾ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായുള്ള ഭവനപദ്ധതി, ന്യൂനപക്ഷ യുവജനങ്ങൾക്കായി വിവാഹപൂർവ്വ കൗൺസിലിംഗ്, ന്യൂനപക്ഷ

വിദ്യാർത്ഥികൾക്കായി തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങളും സ്കോളർഷിപ്പ് പദ്ധതികളും ഉൾപ്പെടുന്നു. ന്യൂനപക്ഷകാര്യ മന്ത്രാലയം നിർത്തലാക്കിയ പ്രീ മെട്രിക് സ്കോളർഷിപ്പിനുപകരം എന്റെ സർക്കാർ ഒരു ബദൽ സ്കോളർഷിപ്പ് നിർദ്ദേശിക്കുന്നതാണ്.

55. വയോജനങ്ങളുടെ പരിചരണം, പിന്തുണക്കൽ എന്നീ മേഖലകളിൽ സർക്കാരിന് മാർഗ്ഗനിർദ്ദേശവും നയപരമായ ഉപദേശവും നൽകുന്നതിനും അവരുടെ ക്ഷേമവും ഉന്നമനവും ഉറപ്പാക്കുന്നതിന് നയനടപടികൾ നിർദ്ദേശിക്കുന്നതിനും 'വയോജന കമ്മീഷൻ' സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ മുതിർന്ന പൗരന്മാരുടെ ഡിജിറ്റൽ സാക്ഷരത ലക്ഷ്യമാക്കി 'ഐടി@എൽഡർലി' സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നതോടൊപ്പം, '2013 -ലെ സംസ്ഥാന വയോജന നയത്തിലും', '2009-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും ചട്ടങ്ങൾ'-ലും സമഗ്രമായ പരിഷ്കരണം കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

56. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരോടൊപ്പം ഭിന്നശേഷിക്കാരുടെ (PwDs) സ്വയംസഹായ കൂട്ടായ്മകളെയും ശാക്തീകരിക്കുന്നതിനായി ബ്ലോക്ക്

തലത്തിൽ തൊഴിലധിഷ്ഠിത പരിശീലനവും നൈപുണ്യവികസനവും വ്യാപിപ്പിക്കുന്നതിനുവേണ്ടി, സംസ്ഥാനത്തുടനീളം അതുല്യമായ ഒരു കാര്യപരിപാടി കുടുംബശ്രീ മാതൃകയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അസിസ്റ്റീവ് ടെക്നോളജിയിലെ ഗവേഷണവും വികസനവും ശക്തിപ്പെടുത്തുന്നതിനായി, ഒരു സമഗ്ര അസിസ്റ്റീവ് ടെക്നോളജി നയവും പ്രവർത്തന പദ്ധതിയും പ്രാവർത്തികമാക്കുന്നതാണ്.

57. എന്റെ സർക്കാർ തൊഴിൽ ശക്തി പങ്കാളിത്ത നിരക്കിലും തൊഴിലാളി പങ്കാളിത്ത അനുപാതത്തിലും പ്രതിഫലിക്കുന്ന ലിംഗ അസമത്വം കണക്കിലെടുത്ത് യുവതികളുടെ വൈദഗ്ധ്യത്തിനും തുടർവൈദഗ്ധ്യത്തിനും നിർമ്മിത ബുദ്ധി ഉപകരണങ്ങളിൽ സ്ത്രീകൾക്ക് അനുഭവ പരിചയം നൽകുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും. ജെൻഡർ ലെൻസിലൂടെ പ്രധാനനിയമങ്ങൾ സൂക്ഷ്മമായി പരിശോധിക്കാൻ "സൂക്ഷ്മം" പഠനം നടത്താനും, തൊഴിലിടങ്ങളിലും പൊതുഇടങ്ങളിലും ജെൻഡർ ഓഡിറ്റ് നടത്താനും, ലിംഗപക്ഷപാതം നിലനിൽക്കുന്നിടത്തെല്ലാം തിരുത്തൽ നടപടികൾ ആരംഭിക്കുന്നതിന് സൗകര്യമൊരുക്കാൻ

പ്രബലമായ സർക്കാർ പദ്ധതികളും കാര്യപരിപാടികളും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

58. എന്റെ സർക്കാർ കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ദുരുപയോഗ സംഭവങ്ങൾ തിരിച്ചറിഞ്ഞ്, പുനരധിവാസ കുട്ടികൾക്കായുള്ള ഒരു ലഹരിവിമുക്ത കേന്ദ്രം മലപ്പുറം തവനൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു, ആയത് കുട്ടികൾക്കായി സർക്കാർ നടത്തുന്ന ഇത്തരത്തിലെ ആദ്യത്തെ പുനരധിവാസ കേന്ദ്രമായിരിക്കും. വിദ്യാർത്ഥികളെ മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ എന്നിവയുടെ വിപത്തുകളിൽനിന്നും മാറ്റിനിർത്തുന്നതിന് വിദ്യാർത്ഥികളുടെ ഊർജ്ജം കലാകായികരംഗത്തെ സൃഷ്ടിപരമായ കാര്യങ്ങളിലേയ്ക്ക് കേന്ദ്രീകരിക്കുന്നതിനായുള്ള പ്രബലമായ സംരംഭമെന്ന നിലയിൽ എന്റെ സർക്കാർ സ്കൂളുകളിലുടനീളം 'ഉണർവ്' പദ്ധതി നടപ്പിലാക്കും.

59. എന്റെ സർക്കാർ പുതുയുഗത്തിന്റെ സാദ്ധ്യതകളും അവസ്ഥകളും പരിശോധിച്ച്, മേഖലയിലെ എല്ലാ തത്പരകക്ഷികളുമായും കൂടിയാലോചിച്ച്, സമഗ്രമായ കാലാവസ്ഥാപ്രതിരോധ ഭവനനയം

തയ്യാറാക്കും. എന്റെ സർക്കാർ മുതിർന്ന പൗരന്മാർക്ക് സ്വതന്ത്രജീവിതം സാദ്ധ്യമാക്കാനുള്ള മിനിമം കരുതലും പിന്തുണയും നൽകി വയോജനസൗഹൃദ ജീവിതാന്തരീക്ഷം രൂപകൽപ്പന ചെയ്യാൻ ലക്ഷ്യമിടുന്നു. ലക്ഷം വീട് ഭവനങ്ങളുടെ പുനർ നിർമ്മാണത്തിനായി "എം.എൻ. നവയുഗ പദ്ധതി" നടപ്പിലാക്കുന്നതാണ്. 18 വയസ് പൂർത്തിയായശേഷം അഭയകേന്ദ്രങ്ങളിൽനിന്നും വിട്ടുപോകേണ്ടിവരുന്ന കുട്ടികൾക്ക് സമൂഹത്തിൽ അന്തസ്സോടെ ജീവിക്കുന്നതിന് സുരക്ഷിതത്വമായ സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി ലക്ഷ്യമിട്ട് "തന്റെയിടം" പദ്ധതി നടപ്പിലാക്കുകയും ആയത് 2024-25 വർഷത്തിൽ വിപുലീകരിക്കുകയും ചെയ്യുന്നതാണ്.

60. പൊതുജനങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച അറിവ് നൽകുന്നതിനും ചെലവ് കുറഞ്ഞ ഭവനങ്ങൾക്കായി, ചെലവ് കുറഞ്ഞ മാതൃകകൾ രൂപപ്പെടുത്താനും പരീക്ഷിക്കാനും 'ഇ-ഗൃഹ' എന്ന പേരിൽ ഒരു മൊബൈൽ/വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്റെ സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ, മണ്ണിടിച്ചിൽ സാദ്ധ്യതയുള്ള തീരപ്രദേശങ്ങൾ, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, കുന്നിൻപ്രദേശങ്ങൾ

എന്നിവയ്ക്ക് ഒരു സമഗ്രമായ ഭവന മൊഡ്യൂൾ വികസന പദ്ധതി കൊണ്ടുവരാൻ ലക്ഷ്യമിടുന്നു.

**IV. തദ്ദേശഭരണം**

61. ദേശീയ നഗര ഡിജിറ്റൽ മിഷന്റെ പ്രവർത്തനവൽക്കരണത്തിനായുള്ള മുൻനിര സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ തെരഞ്ഞെടുത്തിട്ടുള്ളതും ഡിജിറ്റൽ സേവനങ്ങളിൽ സഹസംസ്ഥാനങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നതുമാണ്. സംസ്ഥാന നഗര ഡിജിറ്റൽ മിഷൻ IKM-ൽ പ്രവർത്തിക്കും.

62. സംസ്ഥാനത്ത് സമഗ്രമായ നഗരനയമുണ്ടാക്കുന്നതിന് ലക്ഷ്യമിട്ട് 2023 ഡിസംബറിൽ രൂപീകൃതമായ 'കേരള അർബൻ പോളിസി കമ്മീഷൻ' രാജ്യത്തെ ഈ തരത്തിലുള്ള ആദ്യത്തേതാണ്.

63. ലൈഫ്മിഷന്റെ കീഴിൽ 2023 ഡിസംബർ പകുതിയോടുകൂടി 365531 വീടുകൾ പൂർത്തീകരിക്കുകയും 'മനസ്സോടിത്തിരി മണ്ണ്' പ്രചാരണം, സന്നദ്ധ സംഭാവനകളിലൂടെ 2834.65 സെന്റ് സ്ഥലം നേടിയെടുക്കുകയും ചെയ്തു. എന്റെ സർക്കാർ ബഹുമുഖ മേഖലകളിലൂടെയും 'സമ്പൂർണ്ണ സർക്കാർ'

സമീപനത്തോടെയും 2024 നവംബർ 1-ഓടുകൂടി അവശേഷിക്കുന്ന 'അതിദരിദ്രർ' കുടുംബങ്ങളെ കടുത്ത ദാരിദ്ര്യാനുഭവങ്ങളിൽനിന്നും പുറത്തുകൊണ്ടുവരാൻ ലക്ഷ്യമിടുന്നു.

64. എന്റെ സർക്കാർ തദ്ദേശഭരണ തലത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ സൗകര്യം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു:

എ) സമ്പൂർണ്ണ സാക്ഷരതായജ്ഞം പോലുള്ള പ്രചാരണംവഴി രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി സംസ്ഥാനത്തെ മാറ്റുക.

ബി) തദ്ദേശഭരണത്തിന്റെ ആസൂത്രണം പദ്ധതി കൈകാര്യം അക്കൗണ്ടിംഗ് എന്നിവിടങ്ങളിലേയ്ക്ക് K-SMART സൊല്യൂഷൻസിന്റെ പ്രവർത്തനവും കാര്യക്ഷമതയും വ്യാപിപ്പിക്കുക.

സി) എല്ലാ പ്രധാനപ്പെട്ട നഗരസൗകര്യങ്ങളും സേവനങ്ങളും കാര്യക്ഷമമായി നടക്കുന്നതിനുവേണ്ടി തത്സമയ ഇൻപുട്ട് അടിസ്ഥാനമാക്കി പ്രതികരണാത്മക തീരുമാനമെടുക്കുന്നതിന് നഗര നിരീക്ഷണാലയം നടപ്പിലാക്കും.

ഡി) ഡിസാസ്റ്റർ ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ (DCAT), ലോക്കൽ ആക്ഷൻ പ്ലാൻസ് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ (LAPCC) സംവിധാനങ്ങളുപയോഗിച്ച് പ്രാദേശികതലത്തിൽ കാലാവസ്ഥയുമായി പൊരുത്തപ്പെടുന്ന ഒരു ഉദാത്ത ഭരണ മാതൃക വികസിപ്പിക്കുക.

ഇ) MGNREGS-നുള്ള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ, കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റിലേയ്ക്ക് പുനഃസംഘടിപ്പിച്ച് പ്രാദേശിക ഭരണ ഇടങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.

65. എന്റെ സർക്കാർ മാലിന്യമുക്ത സംസ്ഥാനമെന്നത് നിലനിർത്താനാവശ്യമായ രണ്ടാം തലമുറ ഇടപെടലുകൾ നടത്താനും ഉദ്ദേശിക്കുന്നു. ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ, ബ്ലോക്ക്ചെയിൻ ബേസ്ഡ് ട്രേസിബിലിറ്റിയും മാലിന്യസംസ്കരണത്തിന് ഡിജിറ്റൽ സംവിധാനങ്ങൾ നടപ്പിലാക്കിയും ചോർച്ചകൾ അടയ്ക്കൽ, മുനിസിപ്പൽ ബയോവേസ്റ്റ് പ്ലാന്റുകൾ അളവനുസരിച്ച് സ്ഥാപിക്കൽ, എക്സ്ടെന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി ഫ്രെയിംവർക്ക് നവീകരിക്കൽ എന്നിവ ഇതിലുൾപ്പെടുന്നു. കേരള സംസ്ഥാന

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രമഫലമായി, പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾക്കകീഴിലുള്ള എക്സ്റ്റെന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ പരിധിയിൽ ഏകദേശം 250 ഉൽപ്പാദകരെയും ഇറക്കുമതിക്കാരെയും ബ്രാൻഡ് ഉടമകളെയും 22 പ്ലാസ്റ്റിക് വേസ്റ്റ് പ്രോസസ്സം ഇതിനോടകം കൊണ്ടുവന്നിട്ടുണ്ട്.

66. എന്റെ സർക്കാർ മാലിന്യസംസ്കരണത്തിന് ദൃഢ-സുസ്ഥിര നയചട്ടക്കൂടുണ്ടാക്കുന്നതാണ്. പ്രത്യേക നയനിർദ്ദേശങ്ങളിൽ മാലിന്യസംസ്കരണത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗ്രീൻ ബിസിനസ് പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ക്രാപ്പ് നയം, പന്നി ഫാം നയം, സ്വകാര്യ പങ്കാളിത്ത ചട്ടക്കൂട് എന്നിവ ഉൾപ്പെടുന്നു.

**V. വ്യവസായം, ഐ.റ്റി., തൊഴിലും വാണിജ്യവും**

67. 2022-23-ൽ, സംരംഭക വർഷം സ്കീമിന്റെ ഭാഗമായി, 139840-ൽ അധികം സംരംഭങ്ങൾ ഒരു വർഷത്തിനിടയിൽതന്നെ സ്ഥാപിക്കപ്പെടുകയും സമ്പദ്വ്യവസ്ഥയിലേയ്ക്ക് അതിശയിപ്പിക്കുമാറ് 8,422 കോടി രൂപ സന്നിവേശിപ്പിക്കപ്പെടുകയും 300051-ൽ അധികം ആളുകൾക്ക്

ലാഭകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2021 മുതൽ 13,092 കോടി രൂപ മുതൽമുടക്കോടെ 201846 സംരംഭങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെടുകയും 453000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വളർച്ചാസാധ്യതയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ച പ്രാപ്യമാക്കുന്നതിവേണ്ടി ഒരു വിശേഷാൽ സ്കെയിൽ-അപ്പ് പാക്കേജ് (മിഷൻ 1000) ആരംഭിച്ചിട്ടുണ്ട്.

68. 2018-19 മുതൽ 2022-23 വരെയുള്ള കേരളത്തിലെ നിക്ഷേപവും വളർച്ചയും വികസനവും സംബന്ധിച്ച് എം.എസ്.എം.ഇ. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനത്തിൽ 2021-22 സാമ്പത്തിക വർഷത്തെ വ്യാവസായിക വളർച്ചാനിരക്ക് 17.3 ശതമാനമാണ്. നിർമ്മാണ മേഖലയിലെ വളർച്ചാനിരക്കായ 18.9 ശതമാനമെന്നത് ദേശീയതല വളർച്ചയായ 18.16 ശതമാനത്തെക്കാളും അല്പം കൂടുതലാണ്. റിപ്പോർട്ട് പ്രകാരം 2018-19 മുതൽ 2022-23 വരെ 91,575 കോടി രൂപ മൂല്യമുള്ള പുതിയ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിക്കുകയും 33,815 കോടി രൂപ മൂല്യമുള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു.

69. 1,000 കോടി രൂപ മുതൽമുടക്കോടെ 'മേക്ക് ഇൻ കേരള' സംരംഭം ഉയർന്ന വളർച്ചാസാദ്ധ്യതകളുള്ള 22 മേഖലകളിലുടനീളം നിക്ഷേപം, നവീകരണം, ഉല്പാദനം, തൊഴിൽ സൃഷ്ടിക്കൽ എന്നിവ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 18 വ്യത്യസ്ത ഇൻസെന്റീവുകൾക്ക് വ്യവസ്ഥ ചെയ്യുന്നു. K-SWIFT, കേരള സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS), 'മീറ്റ് ദി ഇൻവെസ്റ്റർ പ്രോജക്റ്റ് മുതാലയ മുൻനിര നടപടികൾ കാരണം നവീകരണത്തിന്റെയും ബിസിനസ് ഉത്കൃഷ്ടതയുടെയും അഭിവൃദ്ധി പ്രാപിക്കുന്ന സമ്പന്നമായ ഒരു കേന്ദ്രമെന്ന നിലയിൽ കേരളം ഇന്ന് മികച്ച സ്ഥാനത്താണ്.

70. എന്റെ സർക്കാർ സംസ്ഥാനത്തേയ്ക്ക് ഉത്തരവാദിത്വ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്നതും മുൻഗണനാ മേഖലകളിൽ വർണ്ണാഭമായ ഇൻസെന്റീവുകൾ വാഗ്ദാനം ചെയ്യുന്നതുമായ 2023-ലെ കേരള വ്യവസായ നയം അനാവരണം ചെയ്തിട്ടുണ്ട്. 2023-ലെ കേരള വ്യവസായ നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി ഒരു പുതിയ കയറ്റുമതി നയം, എൻവയോൺമെന്റലും സോഷ്യലും ഭരണവും (ESG)

നയം, ലോജിസ്റ്റിക് നയം, ഗ്രാഫീൻ നയം എന്നിവ പ്രഖ്യാപിക്കുന്നതാണ്.

71. എന്റെ സർക്കാർ സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ തുടക്കം കുറിക്കുകയും 16 പാർക്കുകൾക്ക് ഇതിനോടകംതന്നെ അനുമതി ലഭിക്കുകയും ചെയ്തു. 2024-25 ലക്ഷ്യമാക്കി ഇരുപത്തിയഞ്ചിലധികം സ്വകാര്യ വ്യവസായ പാർക്കുകൾകൂടി സ്ഥാപിക്കാൻ ഞങ്ങൾ വിഭാവനം ചെയ്യുന്നു.

72. പൊതുമേഖലാ സംരംഭങ്ങളിൽ ഫലപ്രദവും സുതാര്യവുമായ റിക്രൂട്ട്മെന്റ് നടത്തുന്നതിനും കൂടുതൽ വ്യവസായ വൈശിഷ്ട്യത്തിന് പ്രേരിപ്പിക്കുന്നതിനുമായി, കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് പ്രവർത്തനക്ഷമമാക്കി.

73. ദേശീയ അന്തർദേശീയ വിപണിയിലേയ്ക്ക് പ്രാപ്തമാക്കുന്ന വിധത്തിൽ "കേരള ബ്രാൻഡ്" സംരംഭത്തിനുകീഴിൽ, സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്താൻ നടപടികളെടുക്കുന്നുണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലെ 10000 ഉല്പന്നങ്ങൾ, ഡിജിറ്റൽ കോമേഴ്സിന്റെ ഓപ്പൺ

നെറ്റ്‌വർക്ക് (ONDC), മറ്റ് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ ഓൺബോർഡ് ചെയ്ത് വിപണനം ചെയ്യുന്നതാണ്.

74. കേരളത്തിന്റെ വിനോദസഞ്ചാര മേഖല കോവിഡിനുശേഷം, കോവിഡിനുമുമ്പുള്ളതിനെക്കാളും 21.12 ശതമാനം വർദ്ധനവ് കാണിച്ച് 2023-ന്റെ ആദ്യ മൂന്നുപാദങ്ങളിൽ, എക്കാലത്തെയും ഉയർന്ന 1,59,68,616 എന്ന ആഭ്യന്തരവരവോടുകൂടി ശ്രദ്ധേയമായ തിരിച്ചുവരവിന് സാക്ഷ്യം വഹിച്ചു. 2022-ലെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ ഈ കാലയളവിലെ സന്ദർശനവും 116.25 ശതമാനത്തോളം കുതിച്ചുയർന്നിട്ടുണ്ട്. 2023 നവംബർ 16-ൽ വിജയകരമായി നടത്തിയ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വെളിവാക്കപ്പെട്ട പ്രകാരം എന്റെ സർക്കാരിന്റെ നേതൃത്വത്തിൽ ഒരു മുഖ്യ നിക്ഷേപകേന്ദ്രം എന്ന പദവി കേരളം ഉറപ്പിച്ചു. ഈ പരിപാടി ഏകദേശം 15,126 കോടി രൂപ മൂല്യമുള്ള ഓഫറുകൾ നേടിയെടുക്കുകയും ചെയ്തു.

75. അയ്മനം വില്ലേജ് STREET പദ്ധതി, WTM അവാർഡ് പോലെയുള്ള അഭിമാനകരമായ അവാർഡുകൾ നേടിയതിലൂടെ സുസ്ഥിര

വിനോദസഞ്ചാരത്തോടുള്ള പ്രതിബദ്ധതയ്ക്ക്, ഉത്തരവാദിത്വ വിനോദസഞ്ചാര മിഷൻ അന്താരാഷ്ട്ര അംഗീകാരം നേടി.

76. എന്റെ സർക്കാരിന്റെ പിന്തുണയോടെ ഹെലി, ക്രൂയിസ് ടൂറിസം കേരളത്തിൽ ഒരു യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുന്നു. വരും സാമ്പത്തിക വർഷത്തിൽ അധികമായി രണ്ട് സിനി-ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കാൻ ഞങ്ങൾ പദ്ധതിയിടുന്നു.

77. പുതുതായി രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റ് പ്രവർത്തനം തുടങ്ങുകയും പുതിയ തോട്ടം നയവും തോട്ടം മേഖല നവീകരിക്കുന്നതിനുള്ള നയങ്ങളും പരിഗണനയിലാണ്.

78. കയർ മേഖലയിൽ വിപണനക്ഷമത വർദ്ധിപ്പിക്കാനായി സമകാലിക ഡിസൈനുകളുള്ള പുതിയ ഉല്പന്നങ്ങൾ അവതരിപ്പിക്കും. കശുവണ്ടി മേഖലയിൽ ആഭ്യന്തരതലത്തിലും അന്താരാഷ്ട്രതലത്തിലും കമ്പോള വിഹിതം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ രൂപകല്പന ചെയ്തിട്ടുണ്ട്.

79. കൈത്തറിമേഖലയിൽ ഉപഭോക്താവിന്റെ

താൽപ്പര്യങ്ങൾക്കനുസരിച്ച് തുണിത്തരങ്ങൾ കസ്റ്റമൈസ് ചെയ്യുന്നതിന് ഷോറൂമുകളിൽ ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിച്ചുകൊണ്ട് കൈത്തറി ഉല്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാംബു മേഖലയിൽ ക്രഷ്ഡ് ബാംബു ബോർഡ് നിർമ്മാണ സംവിധാനം സ്ഥാപിക്കുന്നതും മുള ഉപയോഗിച്ചുള്ള പരിസ്ഥിതിക്കിണങ്ങുന്ന പ്രീ-ഫാബ്രിക്കേറ്റഡ് നിർമ്മിതി പ്രോത്സാഹിപ്പിക്കുന്നതുമാണ്.

80. പുരോഗമനോന്മുഖമായ ഒരു നീക്കത്തിലൂടെ എന്റെ സർക്കാർ 26 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇത് ഉദ്യോഗാർത്ഥികൾക്ക് തടസ്സമില്ലാത്ത ഓൺലൈൻ സേവനങ്ങൾ നൽകുന്നതിന് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോർട്ടൽ രൂപീകരിക്കുന്നതിന് വഴിതെളിക്കുകയും ചെയ്തു. കൂടാതെ പ്രവാസി രജിസ്ട്രേഷനുമാത്രമായി ഒരു സമർപ്പിത വെർച്വൽ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സമീപകാലത്ത് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്റെ സർക്കാർ കേരളത്തിലെ തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സ്വകാര്യമേഖലയിൽ ധാരാളമായുള്ള ജോലിസാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന

ഉദ്ദേശത്തോടെ തൊഴിൽദാതാക്കൾക്ക് ഒഴിവുകൾ അറിയിക്കാനും തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതയുടെയും അഭിരുചിയുടെയും താൽപ്പര്യമുള്ള മേഖലയുടെയും അടിസ്ഥാനത്തിൽ അവ പ്രയോജനപ്പെടുത്തുന്നതിനുമായി ഒരു സ്വകാര്യ തൊഴിൽ പോർട്ടൽ വികസിപ്പിക്കുന്നുണ്ട്.

81. കേരളത്തിൽ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഒരു ഗ്രേഡിംഗ് സിസ്റ്റം ഏർപ്പെടുത്തിയത് സ്ഥാപനങ്ങളെ അവയുടെ പ്രവർത്തനത്തിന്റെയും ഉപഭോക്തൃ-സൗഹൃദ സമീപനത്തിന്റെയും അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടാനും പുരസ്കാര ലഭ്യതയ്ക്കും അവസരം ഒരുക്കി. സ്വകാര്യ ആയുർവേദ, ഹോമിയോപ്പതി, ദന്തൽ ആശുപത്രികൾ എന്നിവ ഉൾപ്പെടെയുള്ള ഷെഡ്യൂൾഡ് തൊഴിലുകളിൽ തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം ഉറപ്പാക്കുന്നതിന് ഏറ്റവും കുറഞ്ഞ കൂലി (minimum wages) നിശ്ചയിച്ചിട്ടുണ്ട്.

82. എന്റെ സർക്കാർ ടാക്സി/ക്യാബ്/ഓട്ടോ ഡ്രൈവർമാർക്കുവേണ്ടിയുള്ള താങ്ങാനാവുന്ന ഹ്രസ്വകാല താമസസൗകര്യം

നൽകുന്നതിന് ട്രാൻസിറ്റ് സ്റ്റേ ഫെസിലിറ്റി ഫോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആരംഭിക്കും.

83. 2022-23-ൽ കേരളത്തിലെ ഐ.ടി. പാർക്കുകൾ അതായത്, ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവയുടെ സോഫ്റ്റ്‌വെയർ കയറ്റുമതി വരുമാനത്തിൽ ഗണ്യമായ മുന്നേറ്റം കാഴ്ചവച്ച് മതിപ്പുളവാക്കുന്ന രീതിയിൽ 20,921 കോടി രൂപയിൽ എത്തിയിട്ടുണ്ട്. ഇന്ന് ഐ.ടി. പാർക്കുകൾ 21 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ്പ് സ്പേസ് പ്രദാനം ചെയ്യുന്നതോടൊപ്പം മറ്റൊരു 6 ദശലക്ഷം ചതുരശ്ര അടി അടുത്ത മൂന്ന് വർഷത്തിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നു.

84. ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രോസ്പർ (LEAP) സെന്ററുകൾ സ്ഥാപിക്കുന്നതുവഴി 5000 രജിസ്റ്റേർഡ് സ്റ്റാർട്ടപ്പുകളോടെയും ആയിരത്തിലധികം വനിതാ സഹ-സ്ഥാപകരോടെയും കേരള സ്റ്റാർട്ട് അപ്പ് മിഷൻ (KSUM) സംസ്ഥാനത്ത് നവീകരണവും സംരംഭകത്വവും ജനകീയമാക്കുന്നു.

85. എന്റെ സർക്കാർ മാർഗ്ഗദർശകമായ ഒരു നീക്കത്തിലൂടെ FICCI,

SAIK, മറ്റ് വ്യവസായ അതികായർ എന്നിവരുമായി ചേർന്ന് ഒരു AVGC-XR നയം നടപ്പാക്കാൻ തയ്യാറെടുക്കുന്നു. ആയത് അന്തർദേശീയ സ്റ്റുഡിയോകൾ, പദ്ധതികൾ, നിക്ഷേപങ്ങൾ എന്നിവയെ ആകർഷിക്കുന്ന AVGC-XR കണ്ടന്റ് ക്രിയേഷന്റെ ഒരു മുഖ്യ ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റും.

86. എന്റെ സർക്കാർ നിർദ്ദിഷ്ട ഐ.ടി. ഇടനാഴി പദ്ധതിക്കായി ആകെ 4986 ഏക്കർ ഭൂമി കണ്ടെത്തുകയും കണ്ണൂരിലും കൊല്ലത്തും രണ്ട് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടിയിലുമാണ്.

87. ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി സജ്ജമാക്കാൻ അനുമതികൾ നൽകിയതിലൂടെ ഡിജിറ്റൽ സർവ്വകലാശാല ഈ വർഷം ആരംഭിച്ച ഗ്രാഫീൻ എക്കോസിസ്റ്റം ഡെവലപ്മെന്റിന് കാര്യമായ ഉത്തേജനം ലഭിച്ചു. മൊത്തത്തിൽ ഏകദേശം 250 കോടി രൂപയുടെ നിക്ഷേപത്തോടെ ഈ സംവിധാനത്തിന്റെ വികസനം 2024-ൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

88. എന്റെ സർക്കാർ സാങ്കേതികവിദ്യയുടെ മുന്നേറ്റങ്ങൾക്കും മനുഷ്യജീവിതത്തിന്റെയും നമ്മുടെ പരിസ്ഥിതിയുടെയും പുരോഗതിക്ക്

വലിയ സാധ്യതയുള്ള നിർമ്മിതബുദ്ധി (AI), മെറ്റീരിയൽ സയൻസ്, സ്പേസ് ടെക് പോലുള്ള മേഖലകൾക്കും അനുസൃതമായി സംസ്ഥാനത്തിന് ഒരു പുതിയ ഐ.ടി. നയം രൂപീകരിക്കുന്നതാണ്.

89. ഇന്റർനെറ്റ് 'അടിസ്ഥാന അവകാശം' ആയി ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കിയ കെ.-ഫോൺ പദ്ധതി ഇതിനകംതന്നെ അഭിമാനകരമായ 96 ശതമാനം പ്രത്യക്ഷ പുരോഗതി നേടിയിട്ടുണ്ട്. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഫ്റ്റ്‌വെയറും (ICFOSS), ഓപ്പൺ ഹാർഡ്‌വെയർ ലാബ് ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് സൊല്യൂഷൻസും സർക്കാർ സ്ഥാപനങ്ങൾക്കായി ഐ.ഒ.ടി. (IoT) അധിഷ്ഠിത സൊല്യൂഷനുകൾ രൂപകല്പന ചെയ്യും. സെക്യൂരിറ്റി ഡോക്യുമെന്റ് ഫോറൻസിക് ലബോറട്ടറി, ഡെവലപ്മെന്റ് ഓഫ് ഡാറ്റാ അനാലിസിസ് സൊല്യൂഷൻസ് യൂസിംഗ് ഗവൺമെന്റ് ഡാറ്റാ ഫോർ AI ബേസ്ഡ് ഡിസിഷൻ മേക്കിംഗ് പോലുള്ള മേഖലകളിൽ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT), അതിന്റെ ശേഷി ശക്തമാക്കും. എ.ഐ/എം.എൽ., റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ,

സൈബർ സെക്യൂരിറ്റി, ഓഗ്മെന്റഡ്/വെർച്വൽ റിയാലിറ്റി, ക്ലൗഡ് കമ്പ്യൂട്ടിംഗ്, IoT, ഫുൾ സ്റ്റാക് ഡെവലപ്മെന്റ്, മൊബൈൽ ടെക്നോളജീസ്, എംബെഡഡ് സിസ്റ്റംസ്, വി.എൽ.എസ്.ഐ, ഫിൻടെക്, ഹെൽത്ത് ടെക്, ലോജിസ്റ്റിക് ആൻഡ് സപ്ലൈ ചെയിൻ എന്നിവ ലക്ഷ്യമിട്ടുള്ള സംരംഭങ്ങൾ ആരംഭിക്കാൻ ICT അക്കാദമി ഓഫ് കേരള സജ്ജമായിട്ടുണ്ട്.

**VI. അടിസ്ഥാനസൗകര്യം**

90. കേരളം 2027-ഓടെ ഊർജ്ജ ആവശ്യകതയുടെ 50 ശതമാനം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും നേടുന്നതിനുള്ള നീക്കത്തിലാണ്. എന്റെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ സംസ്ഥാനത്തിന്റെ ഊർജ്ജമേഖല 610 മെഗാവാട്ട് സൗരോർജ്ജവും 44.5 മെഗാവാട്ട് ജലവൈദ്യുതിയുമായി 654.5 മെഗാവാട്ട് കൂട്ടിച്ചേർത്തുകൊണ്ട് സുസ്ഥിര വളർച്ചയുടെ പാതയിലാണ്. 2024-25-ന്റെ അവസാനത്തോടെ സൗരോർജ്ജത്തിലൂടെ 1000 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യംവയ്ക്കുന്നു. വൈകുന്നേരങ്ങളിലെ ഉയർന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് നിലവിലെ റിസർവ്വോയർ ശേഷി ഉപയോഗപ്പെടുത്തി ഇടുക്കി ഗോൾഡൻ

ജൂബിലി പദ്ധതി (800 MW) നടപ്പിലാക്കാൻ പദ്ധതിയിട്ടിരിക്കുന്നു. ലക്ഷ്മി ജലവൈദ്യുത പദ്ധതിയുടെയും ഇടുക്കി, പള്ളിവാസൽ, ഇടമലയാർ, എന്നീ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെയും മുന്നോടിയായുള്ള സാധ്യതാപഠനങ്ങൾ പുരോഗമിക്കുകയാണ്.

91. സ്വകാര്യമേഖലയുടെ നിക്ഷേപം സാധ്യമാക്കുന്ന ഒരു പുതിയ വിൻഡ് പോളിസി ഉടനെ പുറപ്പെടുവിക്കും. സൗര, ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021 എന്നിവ ഉൾപ്പെടുന്ന ഊർജ്ജ കേരള മിഷൻ പദ്ധതികൾ അനുകൂല ഫലം കാണിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര ഉല്പാദനശേഷി 94MW ആയി വർദ്ധിച്ചിട്ടുള്ളതും, ഇവ പ്രധാനമായും സൗര, ജല സ്രോതസ്സുകളിൽ നിന്നാണ്. പ്രസരണ-വിതരണ നഷ്ടം രാജ്യത്തെ ഏറ്റവും താഴ്ന്ന നിലയിലേയ്ക്ക് കുറച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ ഭാവി പരിപാടികളിൽ ദ്യുതിയുടെ രണ്ടാംഘട്ടം, വൈദ്യുതീകരണ പദ്ധതികൾ, തുടർച്ചയായ നെറ്റ്‌വർക്ക് വികസനം എന്നിവ ഉൾപ്പെടുന്നു. സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനും EV ചാർജ്ജിംഗ് സ്റ്റേഷനുകളുടെ വിപുലമായ ശൃംഖല സ്ഥാപിക്കുന്നതിനും കലൂരിൽ ഒരു സൗരോർജ്ജാധിഷ്ഠിത ഇ-മൊബിലിറ്റി

ഹബ്ബ് വികസിപ്പിക്കുന്നതിനും KSEBL പദ്ധതിയിടുന്നു. തിരുവനന്തപുരത്തെ ഒരു സൗരോർജ്ജ നഗരമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

92. 2023-ലെ ദേശീയ എനർജി എഫിഷ്യൻസി പെർഫോർമൻസ് അവാർഡിന് ദേശീയ ഊർജ്ജക്ഷമതാ സൂചികയുടെ (National Energy Efficiency Index) അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം രണ്ടാംസ്ഥാനത്ത് എത്തി. അംഗൻ ജ്യോതി പദ്ധതികൾ, പ്രത്യേകിച്ചും EMC വഴി നടപ്പിലാക്കുന്നത്, കാർബൺ ബഹിർഗമനം കുറച്ചും, വൈദ്യുതി ഉപയോഗിച്ച് ശുചിത്വമുള്ള പാചകത്തിന് ഊന്നൽ നൽകിയും അങ്കണവാടികളെ പരിവർത്തനപ്പെടുത്തുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. കാർഷിക പമ്പുകളെ സൗരോർജ്ജവൽക്കരിക്കുന്നതിന് PM-KUSUM പദ്ധതി നൂതനമാതൃകയിൽ നടപ്പിലാക്കി NABARD-ന്റെ വായ്പാ സഹായഘടനയിൽപ്പെടുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

93. അടിസ്ഥാനസൗകര്യ മേഖലയിൽ ദേശീയപാത-66 വികസിപ്പിക്കുന്നതിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. പുരോഗമിച്ചുകൊണ്ടിരിക്കുന്ന മലയോര ഹൈവേ, തീരദേശ ഹൈവേ,

ലെവൽക്രോസിംഗുകൾ ഇല്ലാത്ത കേരളം, ജംഗ്ഷൻ വികസനം പോലുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ മുഖച്ഛായയിൽ മാറ്റമുണ്ടാക്കുമെന്ന് ഉറപ്പുനൽകുന്നു. ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി തുരങ്കപാത എന്ന സുപ്രധാന പദ്ധതി 2024 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.

94. ജൽജീവൻ മിഷനുകീഴിലുള്ള ജിലവിഭവ മാനേജ്മെന്റിൽ കേരളം 2024-25-ൽ 17.6 ലക്ഷം പുതിയ ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻസ് (FHTCs) നൽകാൻ ലക്ഷ്യമിടുന്നു. 2023 ഡിസംബർ 3 വരെ 19.07 ലക്ഷം കണക്ഷൻ നൽകിയതിലൂടെ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അമൃത് 2.0 (AMRUT 2.0) 2025 മാർച്ചിന് മുമ്പായി, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുൾപ്പെടെയുള്ള 90-ഓളം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

95. അടുത്ത സാമ്പത്തിക വർഷത്തിൽ എന്റെ സർക്കാർ പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതിനുള്ള എല്ലാ സാധ്യതകളും ആരായുകയും പ്രസ്തുത അവലോകനത്തിൽ പ്രത്യേകിച്ചും ഇരുസംസ്ഥാനങ്ങളുടെയും താല്പര്യം നിറവേറ്റിക്കൊണ്ട് അർഹമായ അളവിൽ വർദ്ധനവിനായി ഒരു

അഭിപ്രായ സമന്വയത്തിലെത്തുന്നതിന് തമിഴ്നാടുമായി കൂടുതൽ ചർച്ചകൾ നടത്താനുദ്ദേശിക്കുന്നു. എന്റെ സർക്കാർ കരാർ വ്യവസ്ഥകൾ പ്രകാരം അർഹതപ്പെട്ട അളവ് കേരളത്തിന് വിതരണം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സാദ്ധ്യമായ എല്ലാ പരിശ്രമങ്ങളും നടത്തുന്നതാണ്.

96. കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണലിന്റെ (CWDT) അന്തിമവിധിക്കനുസൃതമായി ഭവാനി ബേസിന് ആകെ അനുവദിച്ചിട്ടുള്ള 6 ടി.എം.സി.-യിൽനിന്ന് 2.87 ടി.എം.സി. അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിനായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു. 4255 ഹെക്ടർ കമാന്റ് ഏര്യയോടുകൂടിയ ഈ പദ്ധതി ഏകദേശം മൂന്ന് പതിറ്റാണ്ടിനിടെ സംസ്ഥാനത്ത് ആസൂത്രണം ചെയ്തിട്ടുള്ള ഈ വലിപ്പത്തിലുള്ള ആദ്യ പദ്ധതിയാണ്. കേരളം ഈ സുപ്രധാനമായ ഡാമിന്റെ വേഗത്തിലുള്ള നിർമ്മാണത്തിനായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

97. മൂലത്തറ റൈറ്റ് ബാങ്ക് കനാൽ വിപുലീകരണം, സീതാർകുണ്ട് ഡൈവേഷൻ സ്കീം, താന്നിക്കുണ്ട് ചെക്ക് ഡാം, സൂക്ഷ്മ ജലസേചന പദ്ധതികൾ എന്നിവ എന്റെ സർക്കാരിന്റെ കാര്യക്ഷമമായ ജല

മാനേജ്മെന്റിനും ജലസേചന വികസനത്തിനും നൽകുന്ന പ്രമുഖ്യം പ്രതിഫലിപ്പിക്കുന്നതാണ്. ഹില്ലി അക്വാ പദ്ധതി പൊതുജനത്തിന് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പരിശ്രമങ്ങളെയാണ് ഉയർത്തിക്കാട്ടുന്നത്. ഈ സമഗ്രമായ സംരംഭങ്ങൾ മൊത്തത്തിൽ കേരളത്തിലെ ജലവിഭവങ്ങളുടെ വികസനത്തിനും മാനേജ്മെന്റിനും പരിപാലനത്തിനും സഹായകമാകുന്നു.

98. നവകേരള മിഷന്റെ 'ഇനി ഞാൻ ഒഴുകട്ടെ' (Let me flow) പ്രചാരണത്തിലൂടെ 2619 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കപ്പെടുകയും 2702 കുളങ്ങൾ വീണ്ടെടുക്കുകയും 4282 കുളങ്ങളും 14642 കിണറുകളും പുതുതായി നിർമ്മിക്കുകയും 7362 കിണറുകൾ റീചാർജ്ജ് ചെയ്യുകയും ചെയ്തു. 441 സ്ഥിര തടയണകളും 44106 താൽക്കാലിക തടയണകളും നിർമ്മിച്ചിട്ടുണ്ട്. നീർച്ചാലുകളുടെ പാർശ്വഭിത്തി സംരക്ഷിക്കുന്നതിന് 36 ലക്ഷത്തിലധികം ചതുരശ്രയടി കയർ ഭൂവസ്ത്രം വിരിച്ചിട്ടുണ്ട്.

99. എന്റെ സർക്കാർ വിഭവലഭ്യത കുറഞ്ഞുവരുന്നതും ഉയർന്ന ഉല്പാദനക്ഷമത ആവശ്യമായതുമായ ഈ കാലഘട്ടത്തിൽ സൂക്ഷ്മ

ജലസേചനത്തിന് അങ്ങേയറ്റത്തെ പ്രാധാന്യം നൽകുന്നു. സൂക്ഷ്മ ജലസേചനം പ്രത്യേകിച്ചും നാണ്യവിളകളുടെ കാര്യത്തിൽ ഉല്പാദനക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് മുൻഗണന നൽകും.

100. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി മാപ്പത്തോൺ ഉൾപ്പെടെയുള്ള നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ തെരഞ്ഞെടുത്ത പ്രാദേശിക സർക്കാർ തലങ്ങളിൽ നടന്നുവരുന്നു. മാപ്പത്തോൺ പൂർത്തിയായ പഞ്ചായത്തുകളിൽ ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് ഓവുചാലുകൾ വീണ്ടെടുക്കുന്നതുപോലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും മണ്ണിടിച്ചിൽ കുറയ്ക്കുന്നതിനുള്ള അടുത്തഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തിട്ടുണ്ട്.

101. എന്റെ സർക്കാർ ഹൈബ്രിഡ് സർവ്വീസുകൾ, ജനതാ സർവ്വീസുകൾ, കൊറിയർ & ലോജിസ്റ്റിക്സ്, റെന്റൽ മാനേജ്മെന്റ് സിസ്റ്റം പോലുള്ള സേവനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് സംസ്ഥാനത്തെ ഗതാഗത

സംവിധാനം അഭിവൃദ്ധിപ്പെടുത്തുന്നതിന് സമഗ്രമായ ഒരു കൂട്ടം സംരംഭങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വിശേഷിച്ച് സ്മാർട്ട് ട്രാവൽ കാർഡ്, ഗൂഗിൾ ട്രാൻസിറ്റ്, ERP സോഫ്റ്റ്‌വെയർ വികസന പദ്ധതി എന്നിവ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ (KSRTC) വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 131 ദീർഘദൂര സൂപ്പർഫാസ്റ്റ് ബസ്സുകൾ വാങ്ങിയതും കൂടാതെ 113 ഇലക്ട്രിക് ബസ്സുകൾക്ക് (നോൺ-എ.സി) അധിക ഓർഡർ KSRTC-SWIFT നൽകിയതും സൂചിപ്പിക്കുന്നത് ഗതാഗതം ആധുനികവൽക്കരിക്കുന്നതിനുള്ള സാരവത്തായ നടപടിയെയാണ്.

102. എന്റെ സർക്കാർ റോഡ് സുരക്ഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തുന്നതിനും ശബ്ദമലിനീകരണം പരിഹരിക്കുന്നതിനും 200 ഡാഷ് ബോർഡ് ക്യാമറകളും 200 ഡെസിബൽ മീറ്ററുകളും എൻഫോഴ്സ്‌മെന്റ് വാഹനങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. 'ഫുള്ളി ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്‌മെന്റ് സംവിധാനം' വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. തത്സമയ നിരീക്ഷണത്തിനായി ഒരു അർപ്പിത കമാന്റ് കൺട്രോൾ സെന്റർ സ്ഥാപിക്കുകയും സമഗ്രമായ ഒരു

റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടി സമാരംഭിക്കാനായി തയ്യാറായിട്ടുമുണ്ട്.

103. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, പെട്രോ കെമിക്കൽ ആൻഡ് പാർക്ക് - കൊച്ചി (LA), വെസ്റ്റ് കോസ്റ്റ് കനാൽ, കോസ്റ്റൽ ആൻഡ് ഹിൽ ഹൈവേ, വയനാട് ട്വിൻ ട്യൂബ് ടണൽ, ട്രാൻസ്ഗ്രിഡ് 2.0, ലൈഫ് സയൻസ് പാർക്ക് (ഘട്ടം II-LA)- തിരുവനന്തപുരം, ഹൈടെക് സ്കൂൾ പ്രോഗ്രാം, IURWTS കൊച്ചി പോലുള്ള പ്രധാന പദ്ധതികൾക്ക് കേരള സംസ്ഥാന അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് (KIIFB) സാമ്പത്തിക സഹായം നൽകുന്നു. ഇതുവരെ KIIFB 82,383 കോടി രൂപ ചെലവുവരുന്ന 1073 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. 8.11 കി.മീ. നീളവും നാലുവരി പാതയുമുള്ള ഇരട്ട തുരങ്കപാത എന്ന പ്രത്യേകതയോടുകൂടിയ ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി തുരങ്കമാണ് ശ്രദ്ധേയമായ ഒരു സംരംഭം, ആയത് താമരശ്ശേരി ചുരം റോഡിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുകയും കോഴിക്കോട്, വയനാട് എന്നീ ജില്ലകൾ തമ്മിലുള്ള കണക്ടിവിറ്റി വർദ്ധിപ്പിക്കുകയും ചെയ്യും.

104. കേരളത്തിലെ ഒൻപത് ജില്ലകളിൽക്കൂടി കടന്നുപോകുന്ന തീരദേശ ഹൈവേ വിനോദസഞ്ചാരം അഭിവൃദ്ധിപ്പെടുത്തുകയും തീരദേശങ്ങളിൽ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ഉറപ്പുനൽകുന്നു. അതുപോലെ, തിരുവനന്തപുരം പാറശ്ശാലയിൽനിന്നും കാസർഗോഡ് നന്ദാരപ്പടവ് വരെയുള്ള മലയോര ഹൈവേ കേരളത്തിന്റെ അടിസ്ഥാനസൗകര്യ പശ്ചാചത്തലം പരിവർത്തനപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ സജ്ജമായിരിക്കുന്നു.

105. KIIFB-യുടെ സഹായത്തോടെയുള്ള സ്വപ്ന പദ്ധതിയായ കൊച്ചി ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) കൊച്ചിയുടെ പ്രധാന കനാലുകൾ പുനഃരുജ്ജീവിപ്പിക്കാനും നഗരത്തിന്റെ ജലമാർഗ്ഗങ്ങളിലേയ്ക്കുള്ള ബന്ധം പുനഃസ്ഥാപിക്കാനും ലക്ഷ്യമിടുന്നു. ചരക്കുനീക്കത്തിനും വിനോദസഞ്ചാരത്തിനും ഊന്നൽനൽകിക്കൊണ്ട് വെസ്റ്റ് കോസ്റ്റ് കനാലിനെ ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കാനുള്ള പദ്ധതി 2025 അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

106. എന്റെ സർക്കാർ ശബരിമലയ്ക്ക് സമീപം ഒരു ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിനുള്ള പദ്ധതി സജീവമായി പരിഗണിച്ചുവരുന്നതും ആയതിന് ഇന്ത്യാ ഗവൺമെന്റിന്റെ സിവിൽ വ്യോമയാന മന്ത്രാലയത്തിൽനിന്നും "സൈറ്റ് ക്ലിയറൻസ്" അംഗീകാരവും പ്രതിരോധ മന്ത്രാലയത്തിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രവും (NOC) ലഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതും ആദ്യഘട്ടം 2027-ഓടെ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

107. കേരള മാരിടൈം ബോർഡ് (KMB) സ്ഥാപിക്കൽ തീരപ്രദേശത്തിലുടനീളമുള്ള വികസന സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായുള്ള തന്ത്രപ്രധാനമായ ഒരു ചുവടുവയ്പായിരുന്നു. എന്റെ സർക്കാർ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലും കൊല്ലം ജില്ലയിലെ നീണ്ടകരയിലും സ്ഥിതിചെയ്യുന്ന രണ്ട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളെ തെക്കേ ഇന്ത്യയിലെ മാരിടൈം വിദ്യാഭ്യാസ ഹബ്ബുകളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## VII. പ്രകൃതി വിഭവങ്ങൾ, വനവും വന്യജീവിയും പരിസ്ഥിതിയും ദുരന്തനിവാരണവും

108. എന്റെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും അനുകൂല വിധിന്യായം സമ്പാദിച്ച്, അതുവഴി എക്കോസെൻസിറ്റീവ് സോണുകളിൽ (ബഫർ സോണുകൾ) നിന്നും വാസയോഗ്യമായ സ്ഥലങ്ങളെ ഒഴിവാക്കിയും നവകിരണം പദ്ധതിയിൻകീഴിൽ 93.6 കോടി രൂപ നൽകി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടാത്ത 780 കുടുംബങ്ങളെ വനമേഖലയിൽനിന്നും മാറ്റിപാർപ്പിച്ചുകൊണ്ടും ഈ സോണുകളുമായി ബന്ധപ്പെട്ട ദീർഘകാലമായി നിലനിന്നിരുന്ന ആശങ്കകളെ വിജയകരമായി പരിഹരിച്ചു. എന്റെ സർക്കാർ ഇന്ത്യയിൽ ആദ്യമായി വനത്തെ ആശ്രയിച്ച് കഴിയുന്ന 500 ഗോത്രവർഗ്ഗ യുവജനങ്ങളെ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി പി.എസ്.സി. മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുകയും വന സൗഹൃദസദസ്സ് എന്ന കർമ്മപരിപാടിവഴി ലഭിച്ച 4797 പരാതികളിൽ 4311 എണ്ണം പരിഹരിക്കുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്തു.

109. എന്റെ സർക്കാർ മോണോ കൾച്ചർ പ്ലാന്റേഷൻസിന്റെ

പാരിസ്ഥിതിക പുനഃസ്ഥാപനം, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ലഘൂകരണം, ജിയോ സ്പേഷ്യൽ ഫോറസ്റ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം, 'ഒരു പഞ്ചായത്ത്-ഒരു ഫോറസ്ട്രി ക്ലബ്', നഗരവനവൽക്കരണവും ജൈവ വൈവിദ്ധ്യ പാർക്കുകളും എന്നിവയ്ക്ക് മുൻകയ്യെടുക്കുന്നതാണ്.

110. എന്റെ സർക്കാർ രാജ്യത്തെ ആദ്യത്തെ കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ മിഷൻ (KSCCAM) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർബൺ ന്യൂട്രൽ മിഷൻ പ്രവർത്തനനിരതമാക്കി. കാലാവസ്ഥാ വ്യതിയാനവുമായി താദാത്മ്യം പ്രാപിക്കുന്നതിനും ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരിപാലിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രത്യേക ഭരണ സംവിധാനമാകാൻ KSCCAM ലക്ഷ്യമിടുന്നു.

111. റാംസർ തണ്ണീർത്തടങ്ങളുടെ പരിപാലനത്തിൽ 'വെറ്റ്ലാന്റ് മിത്രാസ് ' ആയി രജിസ്റ്റർ ചെയ്തിട്ടുള്ള പൗര ശാസ്ത്രജ്ഞരുടെ സംഭാവന ഉറപ്പുവരുത്തുന്നതിനായി ഒരു സമഗ്ര തണ്ണീർത്തട വെബ്പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുള്ളതും അത് പൊതുജനത്തിന്

പ്രാപ്യമാകുന്നതുമാണ്. രാജ്യത്തെ തണ്ണീർത്തട രംഗത്ത് ഇത് ഒരു മാതൃകയായിരിക്കും. കഴിഞ്ഞ കാലങ്ങളിലെയും വരുംകാലങ്ങളിലെയും കാലാവസ്ഥയുടെ ദുർബലതകളും ആഘാതങ്ങളും സംബന്ധിച്ച ഡാറ്റ ലഭ്യമാക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തിലെ വ്യതിയാനങ്ങൾ കാലാനുസൃതമാക്കുന്നതിനും ഒരു ക്ലൈമറ്റ് ചെയ്ഞ്ച് നോളഡ്ജ് റിസോഴ്സ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതാണ്.

112. നിർദ്ദിഷ്ട മറൈൻ ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായുള്ള പരിപാലന പദ്ധതികൾ വികസിപ്പിക്കുന്നതിനായി, അമിത മത്സ്യബന്ധനം, സമുദ്ര ജൈവ വിഭവങ്ങളുടെ ശോഷണം എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ സമീപത്തെ BMC-കൾക്ക് ലഭ്യമാക്കുന്നതാണ്. സംസ്ഥാനത്തെ ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനായി 'കേരള ട്രഡീഷണൽ നോളഡ്ജ് ഡിജിറ്റൽ ലൈബ്രറി' സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് അധിനിവേശ ജീവജാലങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു നയവും ആരംഭിച്ചിട്ടുണ്ട്.

113. ജില്ലാ ദുരന്തനിവാരണ അതോറിറ്റി, സംസ്ഥാന ദുരന്തനിവാര അതോറിറ്റിയും സാമൂഹ്യനീതി വകുപ്പുമായി സംയോജിച്ച് നടത്തുന്ന ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ, ഭിന്നശേഷിക്കാർക്ക് സമഗ്ര പരിശീലനം ഉറപ്പാക്കിയിട്ടുണ്ട്. 2024-ൽ യൂണിസെഫുമായി സഹകരിച്ച് സൈക്ലോൺ ഷെൽറ്ററുകളിൽ ശിശുസൗഹൃദ ഇടങ്ങൾ വികസിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സർക്കാരുകൾ കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതാണ്.

114. ട്രൈബൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ വികസിപ്പിച്ചതിനും നടപ്പിലാക്കിയതിനും ഇന്ത്യയിലെയും കേരളത്തിലെയും പ്രഥമ ജില്ലയായി ഔദ്യോഗികമായി പ്രഖ്യാപിക്കുകവഴി വയനാട് ജില്ല ഒരു ചരിത്രപരമായ നാഴികകല്ല് പിന്നിട്ടു.

## VIII. **ധനകാര്യവും നികുതിയും എക്സൈസും**

115. എന്റെ സർക്കാർ ദരിദ്രരിൽ ഏറ്റവും ദരിദ്രരായവരുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. നിസ്സഹായരും അർഹരുമായ

ഏതാണ്ട് അരക്കോടിയോളംപേർ സാമൂഹ്യ സുരക്ഷാ പെൻഷനുകീഴിൽ വരുന്നുണ്ട്. ഇത്തരത്തിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ക്ഷേമനിധി ബോർഡ് പെൻഷനുകളുടെയും വിതരണത്തിനായി നിലവിൽ പ്രതിമാസം ഏകദേശം 900 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

116. 2015 മുതൽ എന്റെ സർക്കാർ നേതൃത്വം നൽകിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം 559457 റബ്ബർ കർഷകരെ പിന്തുണയ്ക്കുന്നതിന് സഹായകമായതായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

117. കേരള സർക്കാർ ജീവനക്കാരും സർവ്വീസ് പെൻഷണർമാരും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ ഏകദേശം 30 ലക്ഷം പേർ 'മെഡിസെപ്' (മെഡിക്കൽ ഇൻഷ്വറൻസ് സ്കീം ഫോർ സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് പെൻഷണേഴ്സ്)-ന്റെ ഗുണോക്താക്കളാണ്. 4.5 ലക്ഷത്തിൽപരം ഗുണഭോക്താക്കൾക്ക് 1,000 കോടി രൂപയിലധികം ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

118. മെച്ചപ്പെട്ട നികുതി നിർവ്വഹണ സംവിധാനത്തോടെ പ്രവർത്തനപരമായ വൈദഗ്ധ്യത്തിലും സുതാര്യതയിലും സ്വാഭാവിക

നീതിയിലും ഊന്നിയ ജി.എസ്.ടി. നിയമങ്ങൾക്കനുസരിച്ചുള്ള ഒരു സമഗ്രമായ പുനഃസംഘടനയ്ക്ക് 2023 വർഷത്തിൽ കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിധേയമായിട്ടുണ്ട്.

119. എക്കാലത്തെയും ഉയർന്ന ഒന്നാം സമ്മാനമായ 25 കോടി രൂപയ്ക്ക് തിരുവോണം ബംബർ ലോട്ടറി നറുക്കെടുപ്പ് നടത്തുകയുണ്ടായി. 2023-ലെ തിരുവോണം ബംബർ മുമ്പെങ്ങുമില്ലാത്ത വിൽപ്പന കൈവരിച്ച്, ഇതുവരെയുള്ള എല്ലാ മുൻറെക്കോർഡുകളും മറികടന്ന് സംസ്ഥാന ചരിത്രത്തിലെ ഏറ്റവുമധികം വിറ്റഴിക്കപ്പെട്ട ലോട്ടറി ടിക്കറ്റായി.

120. സാമ്പത്തിക ഉൾപ്പെടുത്തലിലും സാമൂഹ്യക്ഷേമത്തിലും പ്രതിബദ്ധതയുള്ള എന്റെ സർക്കാർ കെ.എസ്.എഫ്.ഇ.-യുടെ വിവിധ സംരംഭങ്ങൾവഴി സാമ്പത്തിക പ്രവർത്തനങ്ങളും ചെലവ് കുറഞ്ഞ വായ്പകളും സുഗമമാക്കി 4,400 കോടി രൂപ സ്വർണ്ണ വായ്പയും 2,150 കോടി രൂപ ഭവന വായ്പയും നൽകിയത് ശ്രദ്ധേയമായ ഉദാഹരണമാണ്.

**IX. റെഗുലേറ്ററി സെക്ടറുകൾ**

121. എന്റെ സർക്കാരിന്റെ കീഴിലുള്ള കേരള പോലീസ് കാര്യക്ഷമമായ

നിർവ്വഹണ മികവ് പുലർത്തി, മികച്ച സംസ്ഥാന പോലീസ് സേനകളിലൊന്നായി അംഗീകാരം നേടിവരുന്നു. ഫോറൻസിക് സയൻസ് ലബോറട്ടറികൾ ശക്തിപ്പെടുത്തിയതും ഒരു സമർപ്പിത സൈബർ ഓപ്പറേഷൻ വിംഗ് സ്ഥാപിച്ചതും 949 സർക്കാർ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം വിജയകരമായി നടപ്പിലാക്കിയതും പ്രധാന മുന്നേറ്റങ്ങളിൽ ഉൾപ്പെടുന്നു. മയക്കുമരുന്നിനെതിരെ പോരാടാനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകളാൽ പിന്തുണയ്ക്കപ്പെട്ട "യോദ്ധാവ്" പദ്ധതി 6 നഗരങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഡ്രോൺ നിരീക്ഷണ സംവിധാനത്തിന്റെ വ്യാപനവും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മെച്ചപ്പെടുത്തുന്നതിന് അവർക്ക് മാത്രമായുള്ള പ്രത്യേക വിശ്രമമുറികളും പോക്സോ കേസുകൾക്കായുള്ള സ്പെഷ്യൽ ടാസ്ക് ഫോഴ്സും ഉൾപ്പെടെയുള്ള നടപടികൾ പൊതുസുരക്ഷയോടുള്ള പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നു.

122. 2023-ൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അഭിനന്ദനാർഹമായ രീതിയിൽ ആകെ 1724 മിന്നൽ പരിശോധനകൾ നടത്തി. വിജിലൻസ് വകുപ്പിന്റെ ചരിത്രത്തിൽ ഏറ്റവും ഉയർന്നതെന്ന്

രേഖപ്പെടുത്തിയ 55 ട്രാപ്പ് കേസ്സുകളുടെ നിർവ്വഹണം ഒരു ശ്രദ്ധേയമായ നേട്ടമാണ്. ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ ഒരു സമർപ്പിത ഡോക്യുമെന്റ് ഡിവിഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇത് അന്വേഷണങ്ങൾക്കാവശ്യമായ നിർണ്ണായക സാമ്പിൾ വിശകലനം ത്വരിതപ്പെടുത്തും.

123. ജുഡീഷ്യറിയെ നവീകരിക്കാനുള്ള എന്റെ സർക്കാരിന്റെ ശ്രമങ്ങൾ കടലാസുരഹിത കോടതികൾ, ഡിക്രി ജനറേഷൻ വെബ് ആപ്ലിക്കേഷൻ, ജാമ്യാപേക്ഷകളിലും റിട്ട് അപ്പീലുകളിലും മെഷീൻ സ്ക്രൂട്ടിണി (Machine Scrutiny), അടിയന്തര മെമ്മോകൾ സ്വയമേവ പ്രോസസ് ചെയ്യൽ, കേസ് ഫയലുകളുടെ ലിസ്റ്റിംഗ്, ഇ-ഫയലിംഗിനായുള്ള മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ആരംഭിച്ചതിലൂടെ പ്രകടമാണ്. ഇന്റർ-ഓപ്പറബിൾ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം (ICJS) വിവിധ സംവിധാനങ്ങൾക്കിടയിൽ തടസ്സരഹിത വിവരകൈമാറ്റം സുഗമമാക്കുന്നു. നടപ്പിലാക്കിവരുന്ന മാതൃകാ ഡിജിറ്റൽ കോടതിമുറികളും കടലാസുരഹിത കോടതി സംവിധാനവും ഉപയോഗിച്ച് കോടതി മുറികളിലെ നൂതന സംവിധാനങ്ങളുടെ സംയോജനം

നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അടൂരിൽ കുടുംബകോടതി, നെയ്യാറ്റിൻകരയിൽ ഒരു അഡീഷണൽ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി, നെടുമങ്ങാട് പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്റ്റിനുകീഴിലുള്ള കുറ്റങ്ങൾക്കുള്ള ഒരു സ്പെഷ്യൽ കോടതി പോലുള്ള പുതിയ നീതിന്യായ സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

124. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാവർക്കും സ്മാർട്ട് സേവനങ്ങൾ" എന്നതാണ് എന്റെ സർക്കാർ ലക്ഷ്യമിടുന്നത്. പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് എല്ലാ നിയോജകമണ്ഡലങ്ങളിലും പട്ടയ അസംബ്ലികളും കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടയ അദാലത്തുകളും സംഘടിപ്പിച്ച് അർഹരായ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പട്ടയ മിഷൻ ആരംഭിച്ചു. രണ്ട് വർഷത്തിനുള്ളിൽ 121604 പട്ടയങ്ങൾ വിതരണം ചെയ്തുവെന്നത് ശ്രദ്ധേയമാണ്. ഇന്ത്യയിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയ ആദ്യസംസ്ഥാനമായ കേരളം, ഭൂപരിധി വ്യവസ്ഥകളുടെ ലംഘനങ്ങൾ തടയുന്നതിനായി യുണീക് തണ്ടപ്പേർ സമ്പ്രദായത്തിന് തുടക്കമിടുകയാണ്. മേഖലാടിസ്ഥാനത്തിൽ പുതുതായി രൂപീകരിച്ച നാല്

താലൂക്ക് ലാൻഡ് ബോർഡുകൾ കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ 762 ഏക്കർ മിച്ചഭൂമി സെറ്റിൽ ചെയ്തിട്ടുണ്ട്.

125. 2023-ൽ ആരംഭിച്ചിട്ടുള്ളതും ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ 2 ലക്ഷം ഹെക്ടർ സ്ഥലമുൾപ്പെട്ട ഡിജിറ്റൽ റീസർവ്വേ സംസ്ഥാന വികസനത്തിലെ ഒരു നാഴികക്കല്ലായി മാറാൻ ലക്ഷ്യമിടുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലേയ്ക്കായി എന്റെ ഭൂമി എന്ന ഒരു സംയോജിത പോർട്ടൽ 2024-ൽ ആരംഭിക്കുന്നതോടെ ഭൂമിയുടെ ക്രയവിക്രയം വിരൽത്തുമ്പിൽ എത്തിക്കുകയെന്ന എന്റെ സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നതാണ്. സംസ്ഥാനത്തെ എല്ലാ തുണ്ടുഭൂമികളും ഡിജിറ്റൽ ഫെൻസിംഗിലൂടെ വേർതിരിക്കപ്പെടുമെന്നതാണ് ഡിജിറ്റൽ സർവ്വേയുടെ മറ്റൊരു എടുത്തുപറയത്തക്ക നേട്ടം.

126. ഭൂരേഖകളുടെ കാലാനുസൃത പരിഷ്കരണം ഒരു വെല്ലുവിളിയായിട്ടുള്ളതും എന്റെ സർക്കാർ, 1936 മുതലുള്ള രേഖകൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതിലെ അഭാവം പരിഹരിക്കുന്നതിലേയ്ക്ക്

കേരളത്തിൽ ഒരു സമഗ്ര സെറ്റിൽമെന്റിനായി ഈ വർഷം ഒരു പുതിയ സെറ്റിൽമെന്റ് ആക്ട് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജനങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള റവന്യൂ ഇ-സാക്ഷരത പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**X. കായികവും കലയും സാംസ്കാരികവും**

127. ഊർജ്ജസ്വലമായ കായിക സമ്പദ്ഘടന സൃഷ്ടിക്കുന്നതിലേയ്ക്കായി പരിഷ്കരണത്തിലും നവീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു നൂതന കായിക നയം എന്റെ സർക്കാർ അവതരിപ്പിച്ചിട്ടുണ്ട്. 'കായികം എല്ലാവർക്കും', (Sports for All), 'കായികത്തിലൂടെ ആരോഗ്യം' (Health through Sports), 'കായികത്തിലൂടെ മാറ്റം' (Sports for Change) എന്നിവയിൽ ഊന്നിക്കൊണ്ട് കായികമത്സരങ്ങളിലെ മികവ് അഴിമതിരഹിത കായികഭരണം, സമ്പന്നമായ കായിക സമ്പദ്ഘടന, ഊർജ്ജസ്വലമായ കായിക സംസ്കാരം എന്നിവ ഈ നയം വിഭാവനം ചെയ്യുന്നു.

128. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കായിക വിനോദങ്ങളെ സംയോജിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് 2024 ജനുവരി

23 മുതൽ 26 വരെ നടക്കുന്ന അന്താരാഷ്ട്ര കായിക ഉച്ചകോടി കേരള 2024 'ISSK 2024'-ന് കായിക യുവജനകാര്യ വകുപ്പ് ആതിഥേയത്വം വഹിക്കുന്നു. ഈ പരിപാടിയിൽ ഒരു സമ്പന്നമായ കായിക പരിതസ്ഥിതി, ലോകനിലവാരമുള്ള പ്രതിഭകളുടെ പൂളിംഗ് എന്നിവ പരിപോഷിപ്പിക്കുന്നതിനായുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, നിക്ഷേപകരുമായും സ്റ്റാർട്ടപ്പുകളുമായുമുള്ള യോഗങ്ങൾ ഉൾപ്പെടുന്നതാണ്. നമ്മുടെ ദേശീയ അഭിമാനമായ ഗ്രാന്റ്മാസ്റ്റർ പ്രഗ്നാനന്ദയും ഗ്രാന്റ് മാസ്റ്റർ നിഹാൽ സരിനും അനുഗ്രഹീതമാക്കിയ കേരള ക്യൂബ 'ചെ' ഇന്റർനാഷണൽ ചെസ്സ് ഫെസ്റ്റിവലും, 46 രാജ്യങ്ങളിൽനിന്നുള്ള കായികതാരങ്ങൾ പങ്കെടുത്ത 19-ാമത് ഏഷ്യൻ ഗെയിംസ് കേരളത്തിന്റെ കായിക രംഗത്തെ തൊപ്പിയിലെ പൊൻതൂവലുകളാണ്.

129. അമച്വർ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ ഗ്രാമീണ വില്ലേജിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുന്നതിന് 'ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം' എന്ന മഹത്തായ പരിപാടിക്ക് എന്റെ സർക്കാർ തുടക്കമിട്ടു. പ്രാദേശികതലത്തിൽ

പ്രതിഭാധനരായ കായികതാരങ്ങളെ കണ്ടെത്തുന്നതിനും സ്പോർട്സ് അക്കാദമികളിലൂടെ മികച്ച പരിശീലനം ഉറപ്പാക്കുന്നതിനും സമൂഹത്തിൽ കായിക അവബോധവും കായിക സംസ്കാരവും വളർത്തിയെടുക്കുന്നതിനും LSG തലത്തിൽ പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

130. KSSC-യുടെ "കേരള കായികക്ഷമത മിഷൻ", "കായികം എല്ലാവർക്കും" (Sports for All) എന്ന ആശയത്തെ അടിസ്ഥാനമാക്കി വിവിധ വകുപ്പുകളെയും ഏജൻസികളെയും സംയോജിപ്പിച്ച് വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമതാനിലവാരം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്യുന്നു. ഗുണഭോക്താക്കളിൽ നഴ്സറിതലം മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ, അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ, സർവ്വകലാശാല വിദ്യാർത്ഥികൾ, യുവാക്കളും തൊഴിലെടുക്കുന്ന പ്രൊഫഷണലുകളും മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ തുടങ്ങിയവർ ഉൾപ്പെടുന്നു.

131. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന 2024-25 വർഷത്തെ പ്രധാന പരിപാടികളിൽ/പദ്ധതികളിൽ,

ദുരന്തനിവാരണത്തിനും അടിയന്തര പ്രതികരണത്തിനുമായി ടീം കേരള (കേരള യുവജനസേന), ബുദ്ധിപരമായ അവശതയുള്ളവർക്കുള്ള YES ക്ലബ്ബുകൾ, ട്രാൻസ്ജെന്ററുകളുടെ ക്ലബ്ബുകൾ, കാർഷിക ക്ലബ്ബുകൾ, വനിതകളുടെ ക്ലബ്ബുകൾ, ഒരു അഡ്വഞ്ചർ അക്കാദമി എന്നിവ ഉൾപ്പെടുന്നു.

132. DARPG-യുടെ കീഴിൽ, എന്റെ സർക്കാരിന്റെ വിവിധ വകുപ്പുകളിലെ മുൻനിര ഉദ്യോഗസ്ഥർക്കായി കോമ്പിറ്റൻസി ഫ്രെയിംവർക്കുകൾ രൂപകൽപ്പന ചെയ്യുന്നതിന് മാർഗ്ഗദർശകമായ ഒരു പഠനം IMG നടത്തുന്നു. വരുന്ന 2024-25 വർഷത്തിൽ വേഗത്തിലും സുതാര്യമായും കാര്യപ്രാപ്തിയോടുകൂടിയും സേവനം ലഭ്യമാക്കുന്നതിലേയ്ക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഉൾപ്പെടെയുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ പ്രയോഗം വിപുലീകരിക്കുന്നതിന് അനുയോജ്യമായ പരിശീലന പരിപാടികൾ ആരംഭിക്കുന്നതിന് IMG ലക്ഷ്യമിടുന്നു.

133. വികസനത്തെയും ക്ഷേമ പദ്ധതികളെയും കുറിച്ച് ചർച്ച ചെയ്യുന്ന മുഖ്യമന്ത്രിയുടെ പ്രതിവാര ടെലിവിഷൻ പരിപാടിയായ "നാം മുന്നോട്ട്" ഒരു പുതിയ രൂപത്തിൽ പുനരാരംഭിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിലും

ക്ഷേമപ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നൂറിലധികം വിജ്ഞാനപ്രദമായ വീഡിയോകളും 52 ഹ്രസ്വചിത്രങ്ങളും നിർമ്മിച്ച് അവ സാമൂഹ്യമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ഉപസംഹാരം**

134. മനുഷ്യന്റെ അന്തസ്, സാമൂഹ്യനീതി, സമത്വം തുടങ്ങിയ ഭരണഘടനാ വാഗ്ദാനങ്ങൾ നിവേറ്റുന്നതിൽ ഊന്നിയ ഒരു അനുകമ്പാർദ്രമായ ക്ഷേമരാഷ്ട്രത്തിന്റെയും അതിന്റെ പരിപൂർണ്ണശേഷിയിലേയ്ക്ക് വികാസം പ്രാപിക്കുന്നതിനായി ഭാവിയിലേയ്ക്ക് ഉറ്റുനോക്കുന്ന സമൂഹത്തിന്റെയും ആവശ്യങ്ങൾക്കും അപ്പുറത്തേയ്ക്കാണ് കേരളത്തിന്റെ വികസന പ്രയാണം. നമ്മുടെ വികസന കാഴ്ചപ്പാടിന്റെ നൂലിഴകളിൽ സഹാനുഭൂതിയും കരുതലും ഇഴചേർന്നിരിക്കുന്ന ഒരു സമൂഹത്തെ പരിപോഷിപ്പിക്കുന്നതിനുള്ള അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുന്നതിനുമപ്പുറത്തേയ്ക്ക് നമ്മൾ നീങ്ങിയിട്ടുണ്ട്. ഈ മാറ്റം 2030-ലെ സുസ്ഥിര വികസന അജണ്ടയുടെ അന്തഃസത്തയായ ആരെയും ഒഴിവാക്കില്ല എന്ന വാഗ്ദാനവുമായി തികച്ചും യോജിച്ച് പോകുന്നതാണ്. കാലാവസ്ഥാ

പ്രതിസന്ധിയുടെയും പൊരുത്തപ്പെടലിന്റെയും കാലഘട്ടത്തിൽ ഈ പരിഷ്കരണം എക്കാലത്തെക്കാളും പ്രസക്തമായിട്ടുണ്ട്.

135. എന്റെ സർക്കാർ വംശഹത്യ എന്ന കുറ്റകൃത്യത്തെയും മനുഷ്യരാശിക്കെതിരെയുള്ള എല്ലാ കുറ്റകൃത്യങ്ങളെയും അസന്നിഗ്ധമായി അപലപിക്കുകയും മരണപരമ്പരയുടെയും നശീകരണത്തിന്റെയും അവ ഉളവാക്കുന്ന നിരാശയുടെയും അന്ത്യം കാണുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നു. സമാധാനവും പ്രത്യാശയും മനുഷ്യജീവനോട് അചഞ്ചലമായ ആദരവുമുള്ള ഒരു ലോകത്തിനുവേണ്ടിയുള്ള അഭിലാഷമാണ് നാം മുറുകെപിടിക്കുന്നത്.

136. നമ്മുടെ മഹത്തായ പൈതൃകം കെട്ടിടങ്ങളിലോ സ്മാരകങ്ങളിലോ അല്ലെന്നും, മറിച്ച് ജനാധിപത്യം, മതനിരപേക്ഷത, ഫെഡറലിസം, സാമൂഹ്യനീതി എന്നീ കാലാതീത മൂല്യങ്ങളോടും ഇന്ത്യൻ ഭരണഘടനയുടെ വിലമതിക്കാനാകാത്ത പൈതൃകത്തോട് നാം കാണിക്കുന്ന ബഹുമാനത്തിലും പരിഗണനയിലുമാണെന്നും നമുക്ക് ഓർക്കാം ഇക്കാലമത്രയും നമ്മുടെ രാഷ്ട്രത്തെ സംഘടിതവും ശക്തവുമായി നിലനിർത്തിയത് സഹകരണ

ഫെഡറലിസത്തിന്റെ അന്തഃസത്തയാണ്. ഈ അന്തഃസത്തയ്ക്ക് ശോഷണം സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. വൈവിദ്ധ്യവും വർണ്ണാഭവുമായ ഈ രാഷ്ട്രത്തിന്റെ ഭാഗമെന്ന നിലയിൽ നാം ഒത്തൊരുമിച്ച് നമ്മുടെ പന്ഥാവിലുള്ള എല്ലാ വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് സമഗ്രമായ വളർച്ചയുടെയും ഉത്തരവാദിത്വമുള്ള പ്രതിരോധശേഷിയുടെയും വർണ്ണകമ്പളം നെയ്തെടുക്കും.

**ജയ് ഹിന്ദ്.**